● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2022 ● മാർച്ച് - ഏപ്രിൽ ● പുസ്തകം: 05 ● ലക്കം: 02 ● RNI Regn No: KERMAL/2017/73545



# പെസഹാരഹസ്യത്തിൽ ആഴപ്പെടാനുള്ള ക്ഷണം

**കഴിഞ്ഞ രണ്ടുവർഷക്കാലമായി കൊറോണയുടെ കെടുതിയിൽ അടയ്ക്കപ്പെട്ടത് നമ്മുടെ ആത്മീയ ജീവിതശീലങ്ങളും പാഠങ്ങളും കൂടിയാണ്. അതിനാൽത്തന്നെ ഇത്തവണത്തെ നോമ്പ് ഏറെ ഉത്തരവാദിത്വത്തിന്റേതാണ്. കാലം അടച്ചിട്ടതിന്റെയും കൈവിട്ടുപോയതിന്റെയും പുനർജീവനം. പരിശുദ്ധ കുർബാനയും വിശുദ്ധകുമ്പസാരവും ദൈവവചനധ്യാനവുമെല്ലാം വീണ്ടെടുക്കാനുള്ള ആത്മാർത്ഥതയും ആവേശവും നമ്മിലുണ്ടാകണം.**



## കവർ സ്റ്റോറി

ഫാ. ജോയി ചെഞ്ചേരിൽ MCBS
(ചീഫ് എഡിറ്റർ, കാരുണികൻ)

നോമ്പുകാലം! വ്രതപുണ്യങ്ങളുടെ കൃപാവസന്തം! പെസഹാരഹസ്യത്തിന്റെ അക്ഷയഖനിയിലേക്ക് വിശ്വാസികളെ സ്നേഹപൂർവം ക്ഷണിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പറയുന്നു: 'പെസഹാരഹസ്യത്തിൽ ആഴപ്പെടുക,' പരിശുദ്ധ കുർബാനയാണ് പെസഹാരഹസ്യം. നോമ്പും പ്രാർഥനയും പശ്ചാത്താപവുമായി മനുഷ്യൻ ദൈവത്തെ ആരാധിക്കുന്ന പരമപരിശുദ്ധ കൂദാശയാണ് കുർബാന.

മനുഷ്യാസ്തിത്വത്തിന്റെ നൈമിഷികതയെക്കുറിച്ച് ഒരു ചെറുവൈറസ് ക്ലാസെടുത്തുകൊണ്ടിരിക്കുകയാണ്. എന്നിട്ടും യുദ്ധത്തിനും കലഹത്തിനും നമുക്കിടയിൽ ഒട്ടും കുറവുവന്നിട്ടില്ല എന്നതാണ് നമ്മുടെ അഹംഭാവത്തിന്റെ തീവ്രത. വയൽപൂവുപോലെ വാടുന്ന ഭൗമികജീവിതത്തെ സുകൃതവാടികളാക്കുന്ന നിരവധി ജീവിതങ്ങളെ നമുക്കു ചുറ്റും കാണാം എന്നത് നിഷേധിക്കുന്നില്ല. ദാനമായി ദൈവം നൽകിയ ജീവിതം പരാപരവിചാരത്തിൽ പുഷ്പിക്കേണ്ടതുതന്നെയാണ്. അതിന് ചില തിരിഞ്ഞുനോട്ടങ്ങളും തിരിച്ചറിവുകളും തിരിച്ചുനടത്തങ്ങളും അനിവാര്യമാകുന്നിടത്താണ് നോമ്പിന്റെ ധന്യത. ആന്തരികപ്രസാദത്തിന്റെ സ്വച്ഛതയിലേക്ക് വിനയപൂർവം കടക്കാനൊരു കിളിവാതിൽ. ടഗോർ പറയുന്നതുപോലെ 'മനുഷ്യാസ്തിത്വം പരനിൽനിന്നും അപരനിൽനിന്നും വേർപെട്ടുകാണേണ്ട ഒന്നല്ല; യോഗവും പരസ്പരചേർച്ചയുമാണത്. ഓരോ നോമ്പുകാലവും മനുഷ്യജീവിതത്തിന്റെ ആന്തരികതയെക്കുറിച്ചും അനന്യതയെക്കുറിച്ചുമുള്ള വിജ്ഞാനീയമാണ്. പഠിക്കാൻ ആരുമുണ്ടാകില്ല എന്ന് കൊറോണ പലവുരു പറഞ്ഞിട്ടും യുദ്ധങ്ങളുടെ ചരിത്രരചനയ്ക്ക് കോപ്പുകൂട്ടുന്ന മനുഷ്യനോട് ഇനി ആര്, എന്ത്, എങ്ങനെ പറയണം?

### നോമ്പിന്റെ പ്രാധാന്യം

എന്തുനേടി ഈ ജീവിതയാത്രയിൽ എന്നത് അടിസ്ഥാനപരമായ ഒരു ചോദ്യമാണ്. ഇത് സ്വയം ചോദിക്കുന്ന വ്യക്തികളാണ് ജീവിതത്തിൽ പരിവർത്തനം വരുത്തി പ്രഫുല്ലരാകുന്നത്. ശിക്ഷണം ഏതിനും എന്തിനും ആവശ്യമാണല്ലോ. ശരീരഭാരം കുറയ്ക്കണം എന്നാണ് എല്ലാ ഡോക്ടർമാർക്കും പറയാനുള്ളത്. ഇതുതന്നെയാണ് നോമ്പിന്റെ സാരവും. ശാരീരികമായ ഭാരം മാത്രമല്ല; മനസ്സിലും സ്വഭാവത്തിലും വിചാരത്തിലുമൊക്കെ വന്നിട്ടുള്ള വെയ്റ്റ് ആണെന്നുമാത്രം. ദുർമേദസ്സുകളൊക്കെ ജീവിതത്തിന് അമിതഭാരം നൽകുകയും അതിനെ ആതുരമാക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ സമയോചിതമായ ചികിത്സ അനിവാര്യമാണ്. ധ്യാനവും പ്രാർത്ഥനയുംകൊണ്ട് താങ്കൾ എന്തുനേടി എന്ന് വിവേകാനന്ദസ്വാമികളോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ചിന്തനീയമാണ്. 'എന്തെങ്കിലും നേടിയോ എന്നെനിക്കറിയില്ല; എങ്കിലും എന്നിലെ ചില ദുഷ്ടുകൾ ദൂരെയെറിയാനായി എന്നതാണ് എന്റെ ബോധ്യം'. നോമ്പ് കഴുകലിന്റെയും വിശുദ്ധീകരണത്തിന്റെയും വ്രതനാളുകളാണ്.

കഴിഞ്ഞ രണ്ടുവർഷക്കാലമായി കൊറോണയുടെ കെടുതിയിൽ അടയ്ക്കപ്പെട്ടത് നമ്മുടെ ആത്മീയ ജീവിതശീലങ്ങളും പാഠങ്ങളുംകൂടിയാണ്. അതിനാൽത്തന്നെ ഇത്തവണത്തെ നോമ്പ് ഏറെ ഉത്തരവാദിത്വത്തിന്റേതാണ്. കാലം അടച്ചിട്ടതിന്റെയും കൈവിട്ടുപോയതിന്റെയും പുനർജീവനം. പരിശുദ്ധ കുർബാനയും വിശുദ്ധകുമ്പസാരവും ദൈവവചനധ്യാനവുമെല്ലാം വീണ്ടെടുക്കാനുള്ള ആത്മാർത്ഥതയും ആവേശവും നമ്മിലുണ്ടാകണം. വർധിച്ച തീക്ഷ്ണതയോടെ മഹാമാരികളോടും മനുഷ്യത്വരഹിതമായ യുദ്ധങ്ങളോടും പകപോക്കലുകളോടും പടവെട്ടാനുള്ള ക്രൈസ്തവന്റെ ആയുധമാണ് നോമ്പ് എന്നത് നമ്മിൽ തിരിച്ചറിവുകളാവട്ടെ.

പേജ് മൂന്നിൽ തുടരും ▸

എഡിറ്റോറിയൽ
● പുസ്തകം: 5 ● ലക്കം: 2

## നോമ്പ്: അരുത് മാത്രമല്ല കരുതൽ കൂടിയാണ്

നാമെല്ലാം കുറേ നാളുകളായി ആഗ്രഹിച്ചിരുന്ന കോവിഡാനന്തര ജീവിതക്രമത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങളാൽ വീടുകളിലേക്ക് ഒതുങ്ങിയ നമ്മളെല്ലാം തിരികെ പഴയ ജീവിതക്രമത്തിലേക്ക്, നമ്മുടെ ബന്ധങ്ങളിലേക്കുള്ള മടക്കയാത്രയിലാണ്. ഇത്തരുണത്തിൽ ഈ നോമ്പ് കാലം കൂദാശാധിഷ്ഠിതമായ ആധ്യാത്മികചര്യകളിലേക്കുള്ള തിരിച്ചു വരവിന്റെ അവസരമായി മാറണം. കോവിഡിന്റെ പേര് പറഞ്ഞു ദേവാലയത്തോടും സമൂഹത്തോടുമൊക്കെ അകലം പാലിക്കേണ്ട സമയം കഴിഞ്ഞു എന്ന് തിരിച്ചറിയണം. മറ്റെല്ലാ മേഖലയും സാധാരണ രീതിയിലേക്ക് മാറിയെങ്കിൽ എന്റെ ആധ്യാത്മിക ആഘോഷങ്ങൾക്ക് നാമെന്തിന് ഇനി അവധി നൽകണം?

ഈ നോമ്പുകാലം നമ്മുടെ ജീവിതത്തിലെ പരിവർത്തനത്തിന്റെ അവസരമാണ്; നമ്മുടെ ജീവിതത്തെ കഴുകി വിശുദ്ധീകരിക്കേണ്ട സമയമാണ്. ജീവിതത്തിലെ സന്തോഷങ്ങളോടും ആർഭാടങ്ങളോടുമൊക്കെ അകലം പ്രഖ്യാപിച്ചുകൊണ്ട് സ്വയം ശൂന്യവത്കരണത്തിന്റെ ദിനങ്ങളിൽ നാം ആയിരിക്കുമ്പോൾ ഈ ത്യാഗങ്ങളെ നമുക്ക് കൂടുതൽ അനുഗ്രഹീതമാക്കാം. ലൂക്കാ സുവിശേഷകൻ 12-ാം അധ്യായത്തിൽ അവതരിപ്പിക്കുന്ന ഭോഷനായ ധനികൻ നമ്മെ പഠിപ്പിക്കുന്നത് തനിക്കുവേണ്ടി മാത്രം സമ്പത്ത് ശേഖരിക്കാതെ തന്റെ സമ്പത്തിന്റെ ശരിയായ വിനിയോഗംകൊണ്ട് ദൈവസന്നിധിയിൽ സമ്പന്നനാകണം എന്നാണ്.

സാധാരണ നമ്മുടെ ഓരോ നോമ്പും ചില കാര്യങ്ങൾ അരുത് എന്ന് തീരുമാനിക്കുന്നതിൽ മാത്രമായി ഒതുങ്ങുകയാണ്. അതിൽ നിന്നും ഒരു പടി കൂടി മുന്നോട്ട് കടന്ന് ഈ നോമ്പിൽ എനിക്ക് കൂടുതലായി എന്ത് ചെയ്യാനാകുമെന്ന് തീരുമാനിക്കാം. എന്റെ ത്യാഗങ്ങളെ എങ്ങനെ അപരന്റെ സന്തോഷമാക്കി പകർത്താൻ പറ്റും എന്നത് കണ്ടെത്തുന്നതിലാവണം ഈ നോമ്പ് എനിക്കും എന്റെ കുടുംബത്തിനും അനുഗ്രഹമായി ഭവിക്കേണ്ടത്. എന്റെ ത്യാഗം വിശക്കുന്നവന് അപ്പമായും വസ്ത്രമില്ലാത്തവന് വസ്ത്രമായും രോഗികൾക്ക് ഔഷധമായും നൽകാൻ സാധിച്ചാൽ അതിലും വലിയ പുണ്യം വേറെന്തുണ്ട്? ഫ്രാൻസിസ് പാപ്പ നിരന്തരം ആഹ്വാനം ചെയ്യുന്നതുപോലെ നമ്മുടെ ചുറ്റുവട്ടങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് കരുണയുടെ കൂടാരമൊരുക്കാൻ നമുക്കു സാധിക്കണം. നമ്മൾ സ്വീകരിച്ച അരുതുകൾ അപരന് കരുതലുകളായി മാറണം.

## പോസ്റ്റ് - കോവിഡ് ആത്മീയത



ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

മാനസാന്തരത്തിന്റെയും ജീവിതനവീകരണത്തിന്റെയും ഓർമ്മപ്പെടുത്തലുമായി വീണ്ടുമൊരു നോമ്പുകാലം വന്നെത്തിയിരിക്കുന്നു. പാപങ്ങളെക്കുറിച്ചും, കുറവുകളെക്കുറിച്ചും സ്വയം പരിശോധിച്ച് അനുതാപത്തിന്റെ വഴിയേ ചരിക്കാനുള്ള അവസരമാണ് നോമ്പുകാലം. "മനുഷ്യൻെറ ജീവിതം പുൽക്കൊടിക്ക് തുല്യമാകുന്നു; വയലിലെ പുഷ്പം പോലെ അത് വിരിയുന്നു; എന്നാൽ, കാറ്റടിക്കുമ്പോൾ അത് കൊഴിഞ്ഞുപോകുന്നു" (സങ്കീ 103:15-16) എന്ന സങ്കീർത്തകന്റെ വചനങ്ങൾ പോലെ, ജീവിതത്തിന്റെ നൈമിഷികതയെ ഓർമ്മിപ്പിക്കുന്നതായിരുന്നു പ്രളയവും, കോവിഡും, യുദ്ധവുമെല്ലാം. എന്നാൽ സ്വർഗീയ ജീവിതത്തിന്റെ അനശ്വരതയിലാണ് നമ്മുടെ പ്രത്യാശ എന്ന സന്ദേശവുമായെത്തുന്ന ഉയിർപ്പ് തിരുനാളിലാണ് ഓരോ നോമ്പുകാലവും അവസാനിക്കുന്നത്. ജീവിതയാത്രയുടെ പരിസമാപ്തിയിൽ ജീവിതത്തിന്റെ ബാക്കിപത്രമായിത്തീരേണ്ട സ്വർഗ്ഗീയ നിക്ഷേപം വർദ്ധിപ്പിക്കണമെന്ന് നോമ്പുകാലം ഓർമ്മപ്പെടുത്തുന്നു.

നോമ്പുകാലത്ത് ഹൃദയപരിവർത്തനത്തിലൂടെ നാം കടന്ന് പോകുമ്പോൾ കോവിഡാനന്തര ലോകം കെട്ടിപ്പടുക്കാനുള്ള പരിശ്രമത്തിലാണ് മനുഷ്യകുലം മുഴുവനും. സാമൂഹിക - രാഷ്ട്രീയ - വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിലൊക്കെ നടന്നുകൊണ്ടിരിക്കുന്ന ഈ പുനർനിർമ്മിതിയിൽ നാമെല്ലാം അനുദിനം പങ്കാളികളാകുന്നുമുണ്ട്. അതിനിടയിൽ തെല്ലും പ്രാധാന്യം കുറഞ്ഞ് പോകാതെ ആത്മീയ മേഖലയും പുനഃക്രമീകരിക്കപ്പെടേണ്ടതുണ്ട്. വിശ്വാസത്തിലും, ധാർമ്മികതയിലും, വ്യക്തിബന്ധങ്ങളിലുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം വിരൽ ചൂണ്ടുന്നത് കോവിഡിന് ശേഷം നമ്മുടെ ആത്മീയതയിൽ കൂടുതൽ ഉണർവ് ആർജ്ജിക്കണമെന്ന വസ്തുതയിലേക്കാണ്.

കോവിഡ് നിയന്ത്രണങ്ങളുടെ കാലത്ത് ആളൊഴിഞ്ഞ് കിടന്ന ദേവാലയങ്ങൾ വീണ്ടും ദൈവജനത്തിനായി തുറന്നിടുമ്പോൾ ഒത്തിരിയേറെ ആളുകൾ ദേവാലയത്തിലേക്ക് തിരികെ എത്തിയെങ്കിലും ഇനിയും വരാൻ മടിക്കുന്ന കുട്ടികളെയും, യുവജനങ്ങളെയും ഈ നോമ്പുകാലത്ത് ദേവാലയത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള ഉത്തരവാദിത്വം നമുക്കേറ്റെടുക്കാം. 'ദേവാലയത്തിൽ സങ്കേതം കണ്ടെത്തുന്ന കുരുകിൽ പക്ഷികളെയും, ബലിപീഠത്തിനരികെ കുഞ്ഞുങ്ങളെ വളർത്തുന്ന മീവൽ പക്ഷികളെയും പോലെ' (സങ്കീ 84:3) നമ്മുടെ കുട്ടികളെ ദൈവാരാധനയിലും, ദൈവാനുഭവത്തിലും രൂപപ്പെടുത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അങ്ങനെ 'ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ ദൈവസ്തുതിയുടെ' (സങ്കീ 8:2) വിരുന്നൊരുക്കുന്ന ആത്മീയാനുഭവം നമ്മുടെ ദേവാലയങ്ങളെ വീണ്ടും ശബ്ദമുഖരിതമാക്കട്ടെ.

'ചൂടോ തണുപ്പോ ഇല്ലാത്ത മന്ദോഷ്ണത'യിലേക്ക് നമ്മെ നയിക്കത്തക്കവിധം ലൗകികതയുടെ പ്രലോഭനങ്ങൾക്ക് കീഴ്പ്പെടാതിരിക്കാം. ദൈവാത്മാവിന്റെ ആലയത്തിനൊത്ത വിശുദ്ധിയുടെ നിറവിൽ മനസ്സിനെയും ശരീരത്തെയും ഒരുക്കാൻ നോമ്പുകാലത്ത് ആത്മാർത്ഥമായി പരിശ്രമിക്കാം. പൂർവികർ കൈമാറിയ വിശ്വാസത്തിന്റെ ദീപശിഖ അണയാതെ, വരും തലമുറയ്ക്ക് നൽകാനുള്ള ഉത്തരവാദിത്വം നമുക്കുണ്ടെന്ന് മറക്കാതിരിക്കാം. വിശ്വാസഭ്രംശം തകർത്തുകളഞ്ഞ സംസ്കാരങ്ങളുടെയും, സമൂഹങ്ങളുടെയും ചരിത്രം നമുക്ക് പാഠമാകണം. മനുഷ്യരാശിയുടെ ഹൃദയത്തെ മുറിപ്പെടുത്തുന്ന മരണസംസ്കാരത്തിലേക്ക് യുദ്ധമുഖം തുറക്കത്തക്കവിധം രാഷ്ട്രത്തലവന്മാരുടെ ഹൃദയങ്ങൾ കഠിനമാകാതിരിക്കാൻ ഈ നോമ്പുകാലത്ത് പ്രത്യേകം പ്രാർത്ഥിക്കാം. പ്രാർഥനയുടെയും, സുകൃതങ്ങളുടെയും നഷ്ടപ്പെട്ടുപോയ ആത്മീയവസന്തം വീണ്ടെടുക്കാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

# തീരുമാനങ്ങളിലെ ആന്തരിക ഊർജം



അകം പുറം

കെ. എഫ്. ജോർജ്

തീരുമാനങ്ങളുടെ ആകെത്തുകയാണ് ജീവിതം. ശരിയായ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുന്നവർക്കാണ് ജീവിത വിജയം.

ചിന്തകളാണ് പിന്നീട് കർമ്മങ്ങളായി തീരുന്നത്. അതു ക്രമേണ ശീലങ്ങളായി മാറുകയും സ്വഭാവത്തേയും ജീവിത രീതികളെയും നിർണയിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയും ഉപവാസവും നോമ്പുമെല്ലാം നമ്മുടെ തീരുമാനങ്ങൾ ശരിയായ ദിശയിൽ നിർത്തുവാനുള്ള മാർഗങ്ങളാണ്.

കണ്ണുകൾ പുറംലോകം കാണാനാണെങ്കിൽ ആന്തരികലോക കാഴ്ചകൾക്കാണ് ഉപവസിക്കുന്നതെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

വൻപ്രശ്നങ്ങൾ മുന്നിലെത്തുമ്പോൾ ഗാന്ധിജി മൗനവ്രതം അനുഷ്ഠിക്കും. ഉപവസിക്കും. പ്രാർത്ഥിക്കും. ഉപവാസം സ്വയം പീഡിപ്പിക്കുന്നതിനോ പ്രശസ്തിക്കോ അല്ല. ആത്മാർത്ഥ ഉപവാസം ശരീരത്തേയും മനസിനേയും ശുദ്ധീകരിക്കും. തിന്മകൾക്കെതിരെ ജ്വലിച്ചുയരാനുള്ള ഊർജം ഗാന്ധിജി ആർജിച്ചത് ഉപവാസത്തിലൂടെയാണ്.

ശാരീരികമായി ദുർബലനായ ഈ കൊച്ചുമനുഷ്യന്റെ അസാമാന്യ ഉൾശക്തിയെയാണ് ബ്രിട്ടീഷുകാർ ഭയപ്പെട്ടതും പിന്നീട് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ അവരെ നിർബന്ധിതരാക്കിയതും.

ദൈവപുത്രനെന്ന ഉന്നത സ്ഥാനമുണ്ടെന്ന് പൂർണ ബോധ്യമുണ്ടെങ്കിലും പരസ്യജീവിതത്തിൽ മുഴുകുന്നതിനു മുമ്പ് ശക്തിയാർജിക്കുവാൻ യേശു നാൽപ്പതുരാവും നാൽപ്പതു പകലും മരുഭൂമിയിൽ ഉപവസിച്ചു. അപ്പോഴാണ് പ്രലോഭകൻ പരീക്ഷിക്കാൻ മുതിരുന്നത്.

പ്രലോഭനങ്ങളെ അതിജീവിച്ചപ്പോൾ സാത്താൻ വിട്ടകന്നു പോയി. അപ്പോൾ ദൈവദൂതരെത്തി യേശുവിനെ പരിചരിച്ചു.



ജീവിതാവസാനത്തിലും യേശു അതികഠിനമായ പരീക്ഷ നേരിടുന്നു. ഈലോക ജീവിതദൗത്യം പൂർത്തിയാക്കുവാൻ ക്രൂരമരണം ഏറ്റെടുക്കണമെന്ന ചിന്താഭാരം ഗത്സമനിൽ വിയർപ്പിനെ രക്തത്തുള്ളികളാക്കാൻ മാത്രം കഠിനമായിരുന്നു എങ്കിലും പിതാവിന്റെ ഇഷ്ടത്തിനു തലകുനിച്ചപ്പോൾ ശക്തിപ്പെടുത്താനും ആശ്വസിപ്പിക്കാനും ദൈവദൂതനെത്തി.

ഉള്ളുരുകി പ്രാർത്ഥിക്കുന്നവരെ ക്ലേശനിമിഷങ്ങളിൽ ആശ്വസിപ്പിക്കാനും നല്ല തീരുമാനങ്ങളിലേക്ക് നയിക്കാനും ദൈവം ദൂതരെ അയച്ചുകൊടുക്കാറുണ്ട്. ദൈവം ഇടപെടുന്നത് പലരൂപത്തിലും ഭാവത്തിലുമായിരിക്കും. അവ ആന്തരിക മർമരങ്ങളോ വെളിപാടുകളോ ആകാം. ചിലപ്പോൾ മറ്റുള്ളവരുടെ ഇടപെടലുകളായിരിക്കാം ഉചിതതീരുമാനങ്ങളിലേക്ക് വഴി തിരിച്ചുവിടുക.

തീരുമാനങ്ങൾ എടുക്കുകയെന്നത് പലപ്പോഴും വളരെ സങ്കീർണമായിരിക്കും. വരുംവരായ്കകളെ പൂർണമായി വിലയിരുത്തി നീങ്ങാൻ ബുദ്ധിയുടെ തെളിച്ചം ഉണ്ടാവണമെന്നില്ല. മുൻവിധികളും സ്വാർത്ഥതയും പകയുമെല്ലാം തീരുമാനത്തെ സ്വാധീനിച്ചേക്കാം. കാരണം മനുഷ്യ പ്രകൃതി അപൂർണമാണ്. 'കർത്താവിൽ പൂർണ ഹൃദയത്തോടെ വിശ്വാസമർപ്പിക്കുക/ സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്." (സുഭാഷിതങ്ങൾ 3: 5-6)

വെള്ളമില്ലാതെ ഇലകൾ തളരുകയും കരിയുകയും ചെയ്യുന്ന വേനൽക്കാലം സസ്യങ്ങൾക്ക് കഠിനമാണ്. പക്ഷേ, ഈ അവസ്ഥയിൽക്കൂടി മരങ്ങൾ കടന്നു പോകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ പുതുമഴയിൽ പുതുനാമ്പുകൾ പൊടിച്ച് അവയ്ക്കു വളരാൻ കഴിയൂ.

ആത്മീയശക്തി മുരടിച്ചിരിക്കുമ്പോൾ ഇടറിപ്പോകുന്ന വഴികളെ മനഃസാക്ഷിക്കു മുമ്പിൽ കുറ്റവിചാരണ നടത്തി പശ്ചാത്താപത്താൽ വെടിപ്പാക്കണം. പുതുജീവൻ കൈവരിക്കാൻ ഇതുമാത്രമാണ് മാർഗം. നോമ്പുകാലം ഇതിന് അവസരമൊരുക്കുന്നു. അതിനാൽ ഇവിടെ കഴിഞ്ഞകാല വിലയിരുത്തലും തെറ്റു തിരുത്തലും നടക്കുന്നു. കളങ്കം കഴുകിക്കളഞ്ഞ മനസിന്റെ തീരുമാനങ്ങളിൽ യഥാർത്ഥ ഊർജത്തിന്റെ പ്രവാഹമുണ്ടാകും. അപ്പോൾ ഇതു തിരിഞ്ഞു നോട്ടത്തിന്റെ കാലംകൂടിയാകുന്നു.

തീരുമാനങ്ങൾ തെറ്റാതിരിക്കണമെങ്കിൽ ആന്തരിക ഊർജപ്രവാഹത്തെ നിയന്ത്രിക്കുന്ന പ്രപഞ്ചനാഥനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നോമ്പും ഉപവാസവുമെല്ലാം ഈ അനർഗള പ്രവാഹത്തിന് കടന്നു ചെല്ലാൻ വഴിയൊരുക്കുന്നു.

# ചെറുതാകലിന്റെ പേരാണ് നോമ്പ്

**കുരിശിലെ ബലിക്ക് ചെറുതാകലിന്റെ ചേലുണ്ടായിരുന്നു. ചങ്കിലെ ചോരകൊണ്ട് പ്രാണനിൽ അവിടുന്ന് എഴുതിയ നേരിന്റെ പേരാണത്. ഇന്നു നമ്മളർപ്പിക്കുന്ന ബലികളോ? വലിയ ഭാവങ്ങളും വലിപ്പങ്ങളും വലിപ്പമുള്ള വസതികളും നമ്മിലെ വിളക്ക് കെടുത്തുന്നുണ്ട്. തള്ളിപ്പറയുന്നവന്റെ മുൻപിൽ താഴാൻ, ഒറ്റുകൊടുക്കുന്നവന്റെ ഓരം ചേർന്ന് നടക്കാൻ, കുരിശിൽ തറച്ചവർക്ക് കറകളഞ്ഞ സ്നേഹമാകാൻ ആയിരിക്കട്ടെ നമ്മുടെ നോമ്പും അനുഷ്ഠാനങ്ങളും.**

▸ പേജ് ഒന്നിൽ നിന്നു തുടർച്ച

## നോമ്പിന്റെ ചരിത്രം

കാലഘട്ടം നിഷ്ഠകളിൽ ചില മാറ്റങ്ങൾ വരുത്തിയെങ്കിലും നോമ്പ് ഉപവാസം എന്നിവ എല്ലാമതങ്ങളുടെയും ശീലങ്ങളാണ്. ഈശ്വരാന്വേഷണത്തിൽ ആത്മനിയന്ത്രണവും നിഗ്രഹവും അഭ്യസിക്കാൻ മനുഷ്യൻ കണ്ടെത്തിയ മാർഗങ്ങളാണിവ. ദൈവത്തെ പ്രീതിപ്പെടുത്താൻ അവൻ ചില സന്തോഷങ്ങൾ വിലയായി നല്കിപ്പോന്നു. ആഹാരം ശരീരത്തിനും മനസ്സിനും സുഖം നൽകുന്നു. എന്നാൽ ആ സന്തോഷം ചിലപ്പോഴൊക്കെ ത്യജിച്ചുകൊണ്ട് മനുഷ്യൻ മാധവ–മാനവ സേവകളിൽ ഏർപ്പെട്ടു. ഒപ്പം ചില പ്രത്യേക സിദ്ധികളാർജിക്കാനും തിന്മയോട് പോരാടാനും ഈ ആത്മീയ ശിക്ഷണം ഉപകരിക്കുമെന്ന് അവന് ബോധ്യമായി. അങ്ങനെ ദൈവസമാഗമത്തിനും ആത്മീയ അച്ചടക്കത്തിനും പ്രതിരോധത്തിനും മനുഷ്യർ നോമ്പുപവാസാദികളെ ആശ്രയിച്ചുപോന്നു.

ആർഷഭാരത പാരമ്പര്യത്തിൽ സച്ചിദാനന്ദസ്വരൂപനുമായുള്ള സായുജ്യത്തിന് ലോകമോഹങ്ങൾ ഉപേക്ഷിച്ച് വനവാസവും തപസ്സും ധ്യാനവും ചെയ്തുവന്ന രീതി ഇന്നും തുടരുന്നു. ഇന്ദ്രിയജിത്തുക്കളാകാൻ സംയമനനിയന്ത്രണ മാർഗങ്ങളായി അവർ ത്യാഗത്തെ കരുതിയിരുന്നു. ആഹാരാദികൾ ഉപേക്ഷിച്ച്, വിഷയങ്ങളും വർത്തമാനങ്ങളുംവിട്ട്, അവർ ഉപവസിക്കുകയും ചെയ്തിരുന്നു.

## നോമ്പനുഷ്ഠാനങ്ങൾ

നോമ്പുപവാസാദികളും വ്രതനിഷ്ഠയും ഇല്ലാത്ത മതങ്ങളില്ല. ആത്മീയമായ ഒരുക്കവും അച്ചടക്കവും നിഷ്ഠകളും അനുസ്മരണങ്ങളും തീർത്ഥയാത്രകളുമെല്ലാം ഇതിനോട് ചേർന്നാണ് മനുഷ്യജീവിതഭാഗമായിതീർന്നിട്ടുള്ളത്.

പൗരസ്ത്യ ആധ്യാത്മികതയിൽ നോമ്പിനും ഉപവാസത്തിനും പ്രത്യേക സ്ഥാനം ഉണ്ട്. *സൗമാ റമ്പ* അഥവാ വലിയ നോമ്പ്, പേത്തുർത്താ ഞായർ മുതൽ ക്യംതാ (ഉയിർപ്പ്) ഞായർവരെയുള്ള 50 ദിനങ്ങളാണ്. ഈശോയുടെ 40 ദിവസത്തെ ഉപവാസത്തെ അനുസ്മരിച്ചുകൊണ്ടാണ് നോമ്പുകാലാചരണം. ആരാധനക്രമവത്സരത്തിലെ മംഗളവാർത്തയ്ക്കും പിറവിക്കും ദനഹായ്ക്കും ശേഷം വരുന്ന കാലമാണത്. നോമ്പുകളാൽ ധന്യമാണ് നമ്മുടെ ആധ്യാത്മികത. യോനാപ്രവാചകന്റെ സ്വരം ശ്രവിച്ച് അനുതപിച്ച നിനവേനിവാസികളുടെ മാനസാന്തരത്തെ ഓർമിപ്പിക്കുന്ന മൂന്ന് നോമ്പ്, മറിയത്തിന്റെ പിറവിത്തിരുനാളിനൊരുക്കമായുള്ള 8 നോമ്പ്, മറിയത്തിന്റെ സ്വർഗാരോപണത്തിനൊരുക്കമായുള്ള 15 നോമ്പ്. ഈശോയുടെ പിറവിത്തിരുനാളിനൊരുക്കമായ 25 നോമ്പ്. അവിടുത്തെ ഉത്ഥാനത്തിനൊരുക്കമായ 50 നോമ്പ്. കൂടാതെ ജൂൺ 16 മുതൽ 28 വരെ അപ്പസ്തോലന്മാരുടെ നോമ്പ്, ബുധൻ, വെള്ളി ദിനങ്ങളിൽ അനുഷ്ഠിച്ചിരുന്ന മാംസവർജനം എന്നിങ്ങനെ നീളുന്നു അവ.

## നോമ്പ് വിശുദ്ധഗ്രന്ഥത്തിൽ

വിശുദ്ധ ഗ്രന്ഥത്തിൽ നോമ്പ്, ഉപവാസം എന്നീ സംജ്ഞകൾ സമാനാർത്ഥത്തിലാണ് ഉപയോഗിച്ചുകാണുന്നത്; വ്യക്തിപരവും സാമൂഹികവുമായ മാനങ്ങൾ അതിനെ വ്യതിരിക്തമാക്കുന്നുണ്ടെങ്കിലും. ഹൃദയശുദ്ധിയുടെയും മനഃപരിവർത്തനത്തിന്റെയും പരിണതഫലങ്ങളായി അനുഷ്ഠാനങ്ങൾ മാറുമ്പോഴാണ് അവ ചൈതന്യമുള്ളതായി മാറുന്നത്. 'വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടതെ'ന്ന വചനം ഇതിനെ ഉറപ്പിക്കുന്നു. മറ്റനേകം വേദപുസ്തക പരാമർശങ്ങളും ദൃഷ്ടാന്തങ്ങളായുണ്ട് (2 സാമു 12:15–20; സങ്കീ 35:13; 69:10–11; 109:24; ജോയേ 1:13).



ആന്തരികത ചോർന്ന് അനുഷ്ഠാനങ്ങളായി ആധ്യാത്മികത അധഃപതിച്ചപ്പോഴാണ് പ്രവാചകന്മാർ ദൈവശബ്ദം മുഴക്കുന്നത്. മതവും പാരമ്പര്യവും പൗരോഹിത്യവും ആഢംബരങ്ങൾക്കും അധികാരങ്ങൾക്കും ചൂഷണത്തിനും ഹേതുക്കളായപ്പോൾ തിരുത്തൽ ശക്തികളായി പ്രവാചകർ കടന്നുവരുന്നു. 'ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്?' ഒരുദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്കുവിരിച്ച് ചാരവും വിതറിക്കിടക്കുന്നതുമാണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസമെന്നും വിളിക്കുക? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?? തിരികെവരാൻ ക്ഷണിച്ചുകൊണ്ടാണ് ജോയേൽ പ്രവാചകൻ ആഹ്വാനം ചെയ്യുന്നത്: 'കർത്താവ് അരുളിച്ചെയ്യുന്നു ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ' (ജോയേ 2:12–13).

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിലും കാനോനിക സംഹിതയിലും നോമ്പനുഷ്ഠാനങ്ങളെക്കുറിച്ചുള്ള വ്യക്തമായ പ്രബോധനങ്ങൾ ഉണ്ട് (CCC 2042, CCEO 880883, CIC 1244/1253).

## കുർബാനയും നോമ്പും

തിരുവുത്ഥാനത്തിന്റെ വസന്തത്തിലേക്കാണ് നോമ്പ് നമ്മളെ ക്ഷണിക്കുന്നത്. അതുകൊണ്ടാണ് 'പെസഹാരഹസ്യങ്ങളെ ആഴത്തിൽ ധ്യാനിക്കാൻ' ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്. മിശിഹായുടെ സഹനമരണോത്ഥാനങ്ങളെ ധ്യാനിച്ച് ദൈവാരാധന നടത്തുന്ന സഭ ഉണരണം. മിശിഹായുടെ ഉത്ഥാനമാണ് എല്ലാ ആരാധനയുടെയും പരമബിന്ദു. കാരണം, ഉത്ഥാനത്തിലൂടെയാണ് ഈശോ മനുഷ്യവർഗത്തെ കറകളഞ്ഞ കുഞ്ഞാടാക്കി ബലിയർപ്പിച്ചത്. നോമ്പും പ്രാർത്ഥനയും ഉപവാസവും ഉപവിപ്രവൃത്തികളുമെല്ലാം ഉത്ഥാനത്തിനുള്ള ഒരുക്കമാണ്. അങ്ങനെയെങ്കിൽ ഉത്ഥാനത്തിലധിഷ്ഠിതമായ ആരാധനക്രമംതന്നെയാണ് നോമ്പിന്റെ ലക്ഷ്യം. സഭയുടെ ജീവനും സർവസ്വവുമായ പരിശുദ്ധ കുർബാനയ്ക്കുവേണ്ടിയുള്ള യഥാർത്ഥ ഒരുക്കമാണത്. സഹോദരസ്നേഹവും ഉപവിയും ഉപവസിക്കലും ജീവിച്ചത് ആഘോഷിക്കപ്പെടുകയാണ് ആരാധനക്രമത്തിൽ.

നോമ്പുകാലത്തെ കാറോസൂസായുടെ അന്ത്യത്തിലുള്ള കാർമികന്റെ പ്രാർഥന ഇപ്രകാരമാണ്: 'ഞങ്ങളുടെ കർത്താവായ മിശിഹായേ, ലോകപാപങ്ങളുടെ പരിഹാരമായ നിന്റെ സഹനജീവിതത്തോട് യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന സഭയെ കാരുണ്യപൂർവം കടാക്ഷിക്കണമേ. കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ട് നിന്റെ ബലിജീവിതം തുടരാൻ ഞങ്ങളെ ശക്തരാക്കണമേ. യഥാർത്ഥമായ പ്രാർഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തി ഈ നോമ്പുകാലം ഫലദായകമാക്കാൻ ഞങ്ങളെ സഹായിക്കണമേ.' നോമ്പുകാലത്തിന്റെ ഫലദായകത്വം പ്രാർഥനയും സ്നേഹവും പരിത്യാഗവുമാണെന്ന് സഭ നമ്മളെ അനുസ്മരിപ്പിക്കുന്നു. അതായത്, ഞാൻ ജീവിച്ച കാമ്പുള്ള ക്രൈസ്തവജീവിതം സഭയിൽ, ആരാധനക്രമത്തിൽ ആഘോഷിക്കുകയാണ്. അതിനാലാണ് ബെനഡിക്ട് പതിനാറാമൻ പാപ്പ Eucharist a Sacrament to be believed, to be celebrated, and to beleived എന്ന് പറഞ്ഞത്.

നോമ്പുകാലത്തെ ദിവ്യരഹസ്യഗീതത്തിനുപകരമുള്ള പ്രാർഥന വളരെ വ്യക്തമായി ഈ വസ്തുത നമ്മെ ഓർമപ്പെടുത്തുന്നു. 'നമ്മുടെ മനസ്സിലെ എല്ലാ വിചാരങ്ങളും നമുക്ക് ശുദ്ധീകരിക്കാം. നമ്മുടെ പാപങ്ങളുടെ മാലിന്യങ്ങളെല്ലാം അനുതാപത്തിന്റെ കണ്ണുനീരാൽ വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാം. വിനയമുള്ള ആത്മാവും പശ്ചാത്തപിക്കുന്ന മനസ്സുമുള്ളവരായിത്തീരുകയും പരിഹാരകൃത്യങ്ങളോട് ചേർത്ത്, നമ്മെത്തന്നെ കറയില്ലാത്തതും സ്വീകാര്യവുമായ ബലിവസ്തുവായി മിശിഹായ്ക്ക് സമർപ്പിക്കുകയും ചെയ്യാം.'

ദിവ്യകാരുണ്യ സ്വീകരണത്തിനു തൊട്ടുമുമ്പുള്ള അനുഗീതത്തിനു പകരമുള്ള പ്രാർഥന ശ്രദ്ധിക്കുക: 'ഉപവസിക്കുന്ന സഹോദരരേ, വരുവിൻ. തന്നെ ഭക്ഷിക്കുന്നവരെ വിശുദ്ധീകരിക്കുന്ന പരിശുദ്ധനെ സ്വീകരിക്കുവിൻ... വിശപ്പും ദാഹവും സഹിക്കുന്നവരേ, ജീവിക്കുന്ന രഹസ്യത്തെ അനുഭവിച്ചറിയുവിൻ.' ഇവിടെ 'ഉപവസിക്കുന്നവരേ,' 'വിശപ്പും ദാഹവും സഹിക്കുന്നവരേ,' എന്നീ അഭിസംബോധനകൾ എത്ര കൃത്യമായാണ് ആരാധനയ്ക്കുവേണ്ടി പരിത്യാഗം ചെയ്തും പ്രാർഥിച്ചും പരസ്നേഹംചെയ്തും ഒരുങ്ങുന്ന സമൂഹത്തെ ഉണർത്തുന്നത്, ഉദ്ബോധിപ്പിക്കുന്നത്!

പരിശുദ്ധകുർബാന ത്രിത്വാരാധനയാണ്. 'നോമ്പും ഉപവാസവും പ്രാർഥനയും വഴി മിശിഹായെയും അവിടത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം.' ത്രിത്വൈക ദൈവത്തെ ആരാധിക്കുന്ന സഭയുടെ ഒരുക്കം നോമ്പിന്റേതാണെന്ന് എത്ര സുന്ദരമായാണ് നമ്മുടെ ആരാധനക്രമം പറഞ്ഞുതരുന്നത്!

ആമുഖശുശ്രൂഷ മുതൽ സമാപന ശുശ്രൂഷ വരെ ദൈവത്തോടും തന്നോടുതന്നെയും സഹോദരങ്ങളോടുമുള്ള ബന്ധത്തിന്റെ ഇഴയടുപ്പത്തെ ക്രമപ്പെടുത്തിക്കൊണ്ട് ഒരു യഥാർത്ഥ ആരാധനാസമൂഹം രൂപപ്പെടുത്താനാണ് സഭ ആഹ്വാനം ചെയ്യുന്നത്. 'കുർബാനയിലൂടെയാണ് സഭ രൂപപ്പെടുന്നത്; സഭയിലൂടെയാണ് കുർബാന ജനിക്കുന്നത്'. ദൈവത്തിനുള്ള പരമാരാധന ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ബലിയാണ്. ഈശോ തന്റെ നോമ്പിലൂടെ, ഉപവാസത്തിലൂടെ, പിതൃഹിത നിറവേറ്റലിലൂടെ നമുക്കു നേടിത്തന്നത് ഈ അനുരഞ്ജനവും ആരാധനയുടെ യോഗ്യതയുമാണ്. അതിനാൽ പെസഹാരഹസ്യത്തിലാഴപ്പെടാതെ നമുക്ക് ഒരു നോമ്പാചരണമില്ല.

## ചെറുതാകലിന്റെ പേര്

ചെറുകാറ്റിൽ പറക്കാൻപോന്ന ഒരു കോതമ്പപ്പത്തിലേക്ക് ദൈവം തന്നെത്തന്നെ ചെറുമയാക്കി. ആ പരിത്യാഗത്തിന്റെ, ചെറുതാകലിന്റെ പേരാണ് നോമ്പ്. അപരന്റെ പാദം കഴുകി ചുംബിക്കാൻപോന്ന ഒരു ശൂന്യവത്ക്കരണം നിന്നിലുളവായിട്ടില്ലെങ്കിൽ ഈ നോമ്പിനെന്തർഥം? അപരനായി പ്രാണൻ കൊടുക്കാൻപോന്നവിധം ക്രിസ്തുവിനെ നേടിയില്ലെങ്കിൽ ഈ ത്യാഗത്തിന് എന്തർഥം? അപരന്റെ പാപം പൊറുക്കാൻ മാത്രം ചെറുതായില്ലെങ്കിൽ ഈ പശ്ചാത്താപത്തിന് എന്തർഥം?

കുരിശിലെ ബലിക്ക് ചെറുതാകലിന്റെ ചേലുണ്ടായിരുന്നു. ചങ്കിലെ ചോരകൊണ്ട് പ്രാണനിൽ അവിടുന്ന് എഴുതിയ നേരിന്റെ പേരാണത്. ഇന്നു നമ്മളർപ്പിക്കുന്ന ബലികളോ? വലിയ ഭാവങ്ങളും വലുപ്പങ്ങളും വലുപ്പമുള്ള വസതികളും നമ്മിലെ വിളക്ക് കെടുത്തുന്നുണ്ട്. തള്ളിപ്പറയുന്നവന്റെ മുൻപിൽ താഴാൻ, ഒറ്റുകൊടുക്കുന്നവന്റെ ഓരം ചേർന്ന് നടക്കാൻ, കുരിശിൽ തറച്ചവർക്ക് കറകളഞ്ഞ സ്നേഹമാകാൻ... ആയിരിക്കട്ടെ നമ്മുടെ നോമ്പും അനുഷ്ഠാനങ്ങളും.

# ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ വെല്ലുവിളിയാകുമോ?

**കേരളത്തിലെ വന്യജീവിസങ്കേതങ്ങളുടെയും, ദേശീയ ഉദ്യാനങ്ങളുടെയും ചുറ്റും ബഫർ സോൺ എന്ന ഓമനപ്പേരിൽ മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം ഏക്കർ ഭൂമി പരിസ്ഥിതിലോലമായി പ്രഖ്യാപിച്ചുകൊണ്ട് അപ്രഖ്യാപിത കുടിയിറക്ക് നടത്തുന്നതിന്റെ ആദ്യഘട്ടത്തിന് തുടക്കം കുറിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ബഫർ സോൺ അതിനുള്ളിൽ വരുന്ന കർഷകരുടെയും മറ്റെല്ലാ വിഭാഗം ജനങ്ങളുടെയും മരണമണിയാണ്**



സമകാലികം
അലക്സ് ഒഴുകയിൽ
ചെയർമാൻ, കിഫ

വന്യമൃഗശല്യത്തോടൊപ്പം കേരളത്തിലെ കർഷകർ നേരിടാൻപോകുന്ന വലിയൊരു വെല്ലുവിളിയാണ് വന്യജീവി സങ്കേതങ്ങൾക്കു ചുറ്റും വരുന്ന ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ (ESZ) അഥവാ ബഫർ സോൺ.

കേരളത്തിലെ വന്യജീവിസങ്കേതങ്ങളുടെയും, ദേശീയ ഉദ്യാനങ്ങളുടെയും, (ആകെ 24) ചുറ്റും ബഫർ സോൺ എന്ന ഓമനപ്പേരിൽ മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം ഏക്കർ ഭൂമി പരിസ്ഥിതിലോലമായി പ്രഖ്യാപിച്ചുകൊണ്ട് അപ്രഖ്യാപിത കുടിയിറക്ക് നടത്തുന്നതിന്റെ ആദ്യഘട്ടത്തിന് തുടക്കം കുറിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ ബഫർ സോൺ അതിനുള്ളിൽ വരുന്ന കർഷകരുടെയും മറ്റു എല്ലാ വിഭാഗം ജനങ്ങളുടെയും മരണമണിയാണ്. ആരും ആരെയും നിർബന്ധപൂർവം ഇറക്കിവിടുന്നില്ല. എന്നാൽ ഇതിന്റെ പിന്നിലുള്ള ചതിയുടെ ചരിത്രം മനസ്സിലാക്കി ഇന്ന് പ്രതികരിക്കാതിരുന്നാൽ വന്യമൃഗശല്യവും, കൃഷി നാശവും, വനം – പരിസ്ഥിതി നിയമങ്ങളുടെ കൂച്ചുവിലങ്ങുകളും താങ്ങാനാവാതെ മനസ്സു മടുത്ത് എവിടേക്കെങ്കിലും പലായനം ചെയ്യുന്നവരുടെ കൂട്ടത്തിൽ നാമും ഉണ്ടാകും; അതും സമീപ ഭാവിയിൽ തന്നെ.

**എന്താണ് പരിസ്ഥിതിലോല പ്രദേശം അഥവാ ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ (ESZ)?**

രാജ്യത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും മറ്റും സുരക്ഷയ്ക്കും നിലനിൽപ്പിനും എന്ന പേരിൽ രാജ്യമെമ്പാടും ഇങ്ങനെയുള്ള കേന്ദ്രങ്ങളുടെ അതിർത്തിക്ക് പുറത്ത് 0 മുതൽ 10 കി.മീ. വരെ പ്രദേശങ്ങൾ പരിസ്ഥിതി ലോലമായി പ്രഖ്യാപിച്ചു കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ബഫർ സോണായി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശങ്ങളിൽ റവന്യൂ നിയമങ്ങൾ പാലിച്ചുപോരുന്ന ജനവാസ മേഖലകളാണെങ്കിൽപ്പോലും വനനിയമങ്ങൾ കൂടി ബാധകമാകുന്നു. ഒറ്റ വാക്കിൽ പറഞ്ഞാൽ വന്യമൃഗങ്ങളെ സംരക്ഷിക്കാൻ നാടിനെ കാടായും നാട്ടുകാരെ കാട്ടുവാസികളായും മാറ്റുന്ന ഒരു നിഗൂഢ ഏർപ്പാട്.ബഫർ സോൺ (ESZ) പരിധിയിൽ ഉള്ള ജനങ്ങൾക്ക് അവിടെ താമസിക്കുന്നതിന് നിയമപരമായി തടസ്സങ്ങളില്ല. പക്ഷെ സാധാരണ നിലയിലുള്ള ജനജീവിതം അസാധ്യമാക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങളാണ് മേഖലയിൽ നിർദേശിച്ചിരിക്കുന്നത്. എന്തൊക്കെയാണ് ഈ ബഫർ പ്രദേശത്തു വരാൻ പോകുന്ന നിയന്ത്രണങ്ങൾ എന്ന് നോക്കാം.

## കൃഷിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ

- കൃഷിക്കാർക്ക് നിലവിലുള്ള കൃഷികൾ ഉപാധികളോടെ തുടർന്ന് പോകാം. (Permitted as per the applicable laws for use of locals, item 4.19 in restricted list). നാട്ടുകാരായ കൃഷിക്കാർക്ക് സ്വന്തം ആവശ്യത്തിനുള്ള കൃഷികൾ മാത്രമേ അനുവദിക്കപ്പെടൂ. കേരളത്തിലെ മലയോര മേഖലകളിൽ കൃഷി ചെയ്യുന്ന വിളകളിൽ ഭൂരിപക്ഷവും കർഷകർ സ്വന്തം ആവശ്യത്തിനല്ല കൃഷി ചെയ്യുന്നത്. അപ്പോൾ ഈ കാര്യം പറഞ്ഞു ഇത്തരം കൃഷികൾ നിരോധിക്കപ്പെടാൻ സാധ്യതയുണ്ട് ഏതൊക്കെ കൃഷികൾ എങ്ങനെയൊക്കെ നിയന്ത്രിക്കണം അല്ലെങ്കിൽ നിരോധിക്കണം എന്ന് വൈൽഡ് ലൈഫ് വാർഡൻ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റി തീരുമാനിക്കും.



**കേരളത്തിലെ വന മേഖലയുടെ വർധന കാണിക്കുന്ന ഗ്രാഫ്**

- കർഷകർക്ക് സ്വന്തം സ്ഥലത്തെ മരങ്ങൾ മുറിക്കുന്നതിനും ഈ പറഞ്ഞ ഫോറസ്റ്റ് ഉദ്യോഗസ്ഥർ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.
- നിലവിലുള്ള വനം നിയമങ്ങൾ ബാധകമായിരിക്കും. കേരള വനംവകുപ്പ് അഡ്മിസ്ട്രേറ്റീവ് റിപ്പോർട്ട് 2018 പ്രകാരം 36 നിയമങ്ങളും ചട്ടങ്ങളുമാണ് കേരള വനം വകുപ്പ് നടപ്പിലാക്കുന്നത്. ഈ നിയമങ്ങളിൽ ഏതു വേണമെങ്കിലും അവിടുത്തെ ജനങ്ങൾക്കെതിരെ എടുത്തു പ്രയോഗിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് കഴിയും. ചുരുക്കിപ്പറഞ്ഞാൽ പ്രസ്തുത ബഫർ സോൺ പ്രദേശത്തു പ്രായോഗികമായി വനത്തിനു സമാനമായ നിയന്ത്രണങ്ങൾ എല്ലാക്കാര്യങ്ങൾക്കും വരും.
- മലഞ്ചെരിവുകളിൽ ഉള്ള കാർഷിക പ്രവൃത്തികൾ നിയന്ത്രണവിധേയമാണ്. എന്താണ് നിയന്ത്രണങ്ങൾ എന്ന് വ്യക്തമായി പറയുന്നില്ല. പക്ഷേ കപ്പയും, ചേനയും, ഇഞ്ചിയും അടക്കമുള്ള എല്ലാവിധ തന്നാണ്ടു കൃഷികളും നിരോധിക്കപ്പെടാം.
- കാർഷികാവശ്യത്തിനുള്ള കിണറുകളും കുളങ്ങളും കുഴിക്കുന്നതിനു കര്ശനമായ നിയന്ത്രണങ്ങൾ വരും. പുതിയ കിണറുകളും കുളങ്ങളും, ബോർവെല്ലുകളും കുഴിക്കുന്നതിനു ഈ പറഞ്ഞ ഫോറസ്റ്റ് ഉദ്യോഗസ്ഥർ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.
- കൃഷി ചെയ്യാത്ത ഭൂമികളെയും അതിന്റെ ആവാസ വ്യവസ്ഥകളെയും വീണ്ടെടുക്കും എന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട് (Part 3 (1) b). എന്നുവെച്ചാൽ കൃഷി ചെയ്യാത്ത കൃഷി സ്ഥലങ്ങളും, കാട് കേറിക്കിടക്കുന്ന കൃഷി ഭൂമികളും 2003 ലെ EFL ആക്ട് പ്രകാരം ഒരു രൂപ പോലും നഷ്ടപരിഹാരം നൽകാതെ സർക്കാരിലേക്ക് പിടിച്ചെടുക്കുകയോ അവയെല്ലാം വനമായി മാറുകയോ ചെയ്യാം.

## അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ

- അടിസ്ഥാന സൗകര്യ വികസനം പൂർണമായും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു.
- തദ്ദേശ വാസികൾക്ക് താമസത്തിനായുള്ള വീട് പണിയുന്നതിന്പോലും ഈ പറഞ്ഞ ഫോറസ്റ്റ് ഉദ്യോഗസ്ഥർ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.
- ഈ പ്രദേശത്ത് താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾ പോലും ഈ നിയന്ത്രണങ്ങളെല്ലാം പാലിക്കേണ്ടതുണ്ട്. ഇത് 2006ലെ വനാവകാശ നിയമത്തിന്റെ പൂർണ്ണമായ ലംഘനമാണ്.
- വാണിജ്യ ആവശ്യങ്ങൾക്കുള്ള ഒരുതരം കെട്ടിടങ്ങളും ഈ പരിധിയിൽ അനുവദിക്കുന്നതല്ല. എന്നുവെച്ചാൽ ESZ ഇൽ ഉൾപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ കോമേഴ്സ്യൽ കാറ്റഗറി (കടമുറി) കെട്ടിടങ്ങൾ പണിയാൻ സാധ്യമല്ലാതാകും.
- സിഎൻജി അല്ലെങ്കിൽ എൽപിജി ഗ്യാസ് ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കണം എന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട് . ഇതിന്റെ മറവിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഡീസൽ പെട്രോൾ വാഹനങ്ങൾ മുഴുവനും നിരോധിക്കപ്പെടാം.
- പുതിയ റോഡ് നിർമാണവും നിലവിൽ ഉള്ളവയുടെ വീതി കൂട്ടലും ബലപ്പെടുത്തലും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. പുതിയ റോഡുകൾ പണിയുന്നതിന് നിയന്ത്രണം ഉണ്ട് എന്ന് മാത്രമല്ല നിലവിൽ ഉള്ളത് റീടാറിങ് ചെയ്യണമെങ്കിൽ പോലും ഫോറസ്റ്റ് വകുപ്പ് കനിയണം എന്നർത്ഥം.
- വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടും. പുതിയ വൈദ്യുതി ലൈനുകൾ വലിക്കുന്നതും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതും നിരോധിക്കപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യും.
- എല്ലാ തരത്തിലുള്ള ഉച്ചഭാഷിണി ഉപയോഗവും നിരോധിക്കപ്പെടും.
- പുതിയതായിട്ട് വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ (ചെറുതായാലും വലുതായാലും) അനുവദിക്കുന്നതല്ല. എന്തൊക്കെയാണ് വ്യവസായങ്ങളുടെ ലിസ്റ്റിൽ വരുന്നത് എന്ന് വ്യക്തമല്ല.
- വാണിജ്യാടിസ്ഥാനത്തിലുള്ള വാഹനഗതാഗതം നിയന്ത്രണവിധേയമാണ്. ബസ്, ഓട്ടോ, ലോറി, ടാക്സി ജീപ്പ്, ടാക്സി കാർ എന്നിവ നിയന്ത്രണ വിധേയമാണ് (എന്നുവെച്ചാൽ ഇതൊക്കെ ഓടണോ വേണ്ടയോ എന്ന് അതാതു സ്ഥലത്തെ DFO തീരുമാനിക്കും)
- നിയന്ത്രണങ്ങളുടെ ഭാഗമായി ബഫർ സോൺ പ്രദേശത്തിനുള്ളിലൂടെയുള്ള രാത്രി യാത്രപോലും നിരോധിക്കപ്പെട്ടേക്കാം. (ബഫർ സോൺ പ്രദേശങ്ങളിലുള്ളവർ എപ്പോൾ യാത്ര ചെയ്യണമെന്ന് വനംവകുപ്പ് തീരുമാനിക്കുന്ന ഗതികേടിലേക്ക് കാര്യങ്ങൾ എത്തും).
- പരിസ്ഥിതി സംരക്ഷണ നിയമം അനുസരിച്ചു മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിക്കുന്ന ആളുകൾക്കെതിരെ കേസ് എടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും വനം വകുപ്പിന് അധികാരം ഉണ്ടായിരിക്കും.

ഏതൊക്കെ സ്ഥലങ്ങൾ ബഫർ സോൺ പരിധിയിൽ വരുന്നുണ്ട് എന്നത് ഇപ്പോൾ നൽകിയിരിക്കുന്ന മാപ്പിൽ നിന്നും വ്യക്തമല്ല. കൃത്യമായി ഗ്രൗണ്ട് ട്രൂത്തിങ് നടത്തി ബഫർ സോണിന്റെ അതിരുകൾ ഗ്രൗണ്ടിൽ അടയാളപ്പെടുത്തിയാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുകയുള്ളൂ. ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കുന്നതിന്റെ മുൻപ് പോലും ഇതിന്റെ അതിരുകൾ കൃത്യമായി അടയാളപ്പെടുത്തി ജനങ്ങളെ ബോധ്യപ്പെടുത്തിയില്ല എന്നത് തന്നെ ഇതിന്റെ പിന്നിലുള്ള ഗൂഢാലോചനയ്ക്ക് ഏറ്റവും വലിയ തെളിവാണ്.

ഈ വിജ്ഞാപനത്തിലെ സെക്ഷൻ 4 പ്രകാരം, നിലവിൽ റവന്യൂ നിയമങ്ങൾ മാത്രം ബാധകമായ നമ്മുടെ കൃഷിസ്ഥലങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും 1980 ലെ ഫോറസ്റ്റ് കോൺസർവഷൻ ആക്ട്, 1927 ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1972 ലെ വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ വന നിയമങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ടു ജനജീവിതം പൂർണമായും ദുസ്സഹമാക്കുകയും അതുവഴി അപ്രഖ്യാപിത കുടിയിറക്ക് നടത്തി വന്യജീവി സങ്കേതത്തിനു വിസ്തീർണം കൂട്ടുകയും ചെയ്യുക എന്ന ലക്ഷ്യം ഈ നീക്കത്തിന് പിന്നിൽ ഉണ്ട് എന്ന് നിസംശയം പറയാം.

അതുകൊണ്ടുതന്നെ ESZ ൽ കൃഷി ഭൂമിയും ജനവാസ കേന്ദ്രങ്ങളും ഉൾപ്പെടാൻ പാടില്ല എന്നുള്ള നമ്മുടെ ആവശ്യത്തിന് പ്രസക്തിയേറുകയാണ്. ഈ ആവശ്യത്തിനായി സമരം ചെയ്യുന്ന കേരളത്തിലെ എല്ലാ കർഷക സഹോദരങ്ങൾക്കും ഐക്യദാർഢ്യം അറിയിക്കുന്നു. കൂട്ടായ പരിശ്രമത്തിലൂടെ ഇത്തരം ഗൂഢാലോചനകൾ നമ്മൾ തകർക്കുക തന്നെ ചെയ്യും.

## കർഷക കൂട്ടായ്മകൾ മാർക്കറ്റിങ് സംവിധാനങ്ങൾ രൂപപ്പെടുത്തണം

**● അലക്സ് തോമസ്, ചെമ്പകശ്ശേരി**
**കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ്**

ഇന്നത്തെ കാലഘട്ടത്തിൽ വളരെ കാര്യമാത്ര പ്രശസ്തമായ വിഷയമാണ് മലബാർ വിഷൻ ചർച്ച ചെയ്തത്. കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന വലിയൊരു ശതമാനം ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ പലപ്പോഴും വേണ്ടത്ര പ്രാധാന്യത്തോടെ അഭിസംബോധന ചെയ്യപ്പെടുന്നില്ല എന്നത് ദുഃഖകരമാണ്.




കാർഷികമേഖലയിലെ വിലത്തകർച്ചയും വിളകൾക്ക് ഉണ്ടാകുന്ന നാശവുമെല്ലാം ഈ മേഖലയുടെ നട്ടെല്ല് ഒടിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ കൃഷികൾക്ക് ഉണ്ടാകുന്ന വിളനാശങ്ങളെക്കുറിച്ച് പഠിക്കുവാനായി നിരവധി ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായ വിധത്തിൽ പ്രവർത്തിക്കാത്തതിനാൽ പല രോഗങ്ങൾക്കും ആവശ്യമായ പ്രതിവിധികൾ ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇതിനൊപ്പം തന്നെ വനാതിർത്തികളിൽ താമസിക്കുന്ന കൃഷിക്കാർ നേരിടുന്ന വന്യമൃഗശല്യം അനുദിനം വർധിച്ചുവരികയാണ്.

പ്രാദേശിക സർക്കാർ സംവിധാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വനം വകുപ്പുമായി നിരന്തരം സംഘർഷത്തിൽ ഏർപ്പെടുന്ന സാഹചര്യമാണ് ആണ് നിലവിൽ മലയോരമേഖലയിലെ കൃഷിയിടങ്ങളിൽ എല്ലാം ഉള്ളത്. വന്യജീവികൾ കാർഷികമേഖലയിൽ വരുത്തുന്ന നാശനഷ്ടങ്ങളെ കുറിച്ച് കൃത്യമായി പഠിക്കുവാനോ ഇവയ്ക്ക് ശാശ്വത പരിഹാരം കാണുവാനോ ഉള്ള നടപടികളൊന്നും ഇതുവരെ സർക്കാരിൻറെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല എന്നത് ദുഃഖകരമാണ്.

പേജ് 9ൽ തുടരും ▸

## മലബാർ വിഷന് കർഷകന്റെ ഹൃദയത്തിൽ നിന്നും ഒരു സല്യൂട്ട്

**● ജോജോ സി. കാഞ്ഞിരക്കാടൻ**
**എച്ച്ആർ ട്രെയ്നർ, ഇസാഫ്.**

'തളരുന്ന കൃഷി, തകരുന്ന കർഷകൻ' എന്ന കവർസ്റ്റോറി, ഈ കാലഘട്ടത്തിലെ മലയോരകർഷകർ അനുഭവിക്കുന്ന ദുരിതങ്ങളുടെ ഒരു നേർചിത്രമായിരുന്നു. മാറിമാറിവരുന്ന സർക്കാരുകൾ ആവർത്തിക്കുന്ന ഒരു വാചകമുണ്ട്, സർക്കാർ സംവിധാനങ്ങൾ ഒരിക്കലും കർഷകരെ കൃഷിയിടത്തിൽ നിന്നും ഇറക്കി വിടില്ല. പക്ഷേ, യാഥാർത്ഥ്യം തോറ്റു കണ്ണീരും കൈയുമായി ഇറങ്ങിപ്പോകാനുള്ള സാഹചര്യങ്ങൾ നിരന്തരം അവർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

കൃഷിയിടങ്ങൾ ചുരുങ്ങുന്നു കൃഷി ഉത്പാദനം കുറയുന്നു. ഈ രീതിയിൽ പോയാൽ പത്തുവർഷത്തിനുള്ളിൽ ഇപ്പോഴത്തെ കൃഷി ചെയ്യുന്ന തലമുറ അവസാനിക്കും എന്നുതന്നെ വേണം കരുതാൻ. പുതുതലമുറ കൃഷിയിൽനിന്ന് മുഖം തിരിച്ചിരിക്കുന്നു. കൃഷിക്കായി കുടിയേറ്റം നടന്ന ഇടങ്ങളിൽ നിന്നും, നിശബ്ദമായ ഒരു കുടിയിറക്ക് സംഭവിച്ചുകൊണ്ടേയിരിക്കുന്നു. അത്യാവശ്യം ഇംഗ്ലീഷ് പരിജ്ഞാനമുള്ള, യോഗ്യതാ പരീക്ഷകൾ പാസാകാൻ കെൽപ്പുള്ള യുവതീയുവാക്കൾ, നമ്മുടേതിനേക്കാൾ മെച്ചപ്പെട്ട രാജ്യങ്ങളിലേക്ക് കുടിയേറുന്നു; പിന്നീട് ഒരിക്കലും തിരിച്ചു വരാൻ സാധ്യതയില്ലാത്ത ഒരു കുടിയേറ്റം. കാരണം, അവർ നേരിൽക്കാണുന്നു കൃഷിക്കാരന് സമൂഹം നൽകുന്ന സ്ഥാനം, അവന്റെ ജീവിതരീതി, അവന്റെ സാമ്പത്തിക പരാധീനത, തങ്ങളുടെ കാരണവന്മാർ അനുഭവിക്കുന്ന ദൈന്യജീവിതം. അത് തങ്ങൾക്ക് വേണ്ട എന്ന തിരിച്ചറിവിൽ യുവത പലായനം ചെയ്തു കൊണ്ടിരിക്കുന്നു.

വനമേഖലയോട് ചേർന്ന കൃഷിയിടങ്ങൾ ഉപേക്ഷിച്ച്, പള്ളിയുടെ/സ്കൂളിന്റെ അടുത്ത് 5/10 സെന്റിൽ, ഒതുങ്ങിക്കൂടാൻ നിർബന്ധിതരായ ഒരു കൂട്ടം മുതിർന്ന കർഷകർ ഇന്നിന്റെ കാഴ്ചയാണ്. ഉപേക്ഷിക്കപ്പെട്ട കൃഷിയിടം പിന്നീട് തിരിഞ്ഞു നോക്കാൻ ആളില്ലാതെ കാടുകയറി നശിക്കുന്നു. അവിടെ മൃഗങ്ങൾ പെറ്റുപെരുകുന്നു, അങ്ങനെ മൃഗങ്ങളുടെ കുടിയിറക്കം വളരെ എളുപ്പത്തിൽ എല്ലായിടത്തും സംഭവിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ടാണ് മുൻപ് വനത്തോട് ചേർന്ന് സ്ഥലങ്ങളിൽ മാത്രമുണ്ടായിരുന്ന വന്യമൃഗശല്യം ഇന്ന് നഗരങ്ങളിലേക്കും എത്തുന്നത്. ഇത് കേവലം കർഷകന്റെ മാത്രം പ്രശ്നമായി ഒതുങ്ങില്ല. വരാൻ പോകുന്നത്, നമ്മൾ വിചാരിക്കുന്നതിനേക്കാൾ ഭീകരമായ അവസ്ഥ തന്നെയാണ്. നഗരങ്ങളിലെ സുരക്ഷിത സ്ഥാനങ്ങളിൽ ഇരുന്ന്, മലയോര കർഷകൻ മൃഗങ്ങളുമായി സഹവസിക്കണമെന്ന് എഴുതിവിടുന്ന, പ്രസംഗിക്കുന്ന, മുതിർന്ന വനം ഉദ്യോഗസ്ഥരും, പരിസ്ഥിതിവാദികളും, ഈ കവർസ്റ്റോറി വായിച്ചാൽ, മേലിൽ ഇത്തരം പൊള്ളത്തരം പറയാൻ വായ തുറക്കില്ല എന്നുള്ളത് സത്യം. കർഷക പക്ഷത്തുനിന്ന് ഇത്രയും ആധികാരികമായ ലേഖനം തയ്യാറാക്കിയ കിഫ ചെയർമാൻ അലക്സ് ഒഴുകയിലിനും അത് മലയോര കർഷകരുടെ വീടുകളിൽ എത്തിക്കാൻ, കാരണമായ മലബാർ വിഷൻ ടീമിനും, ഒരു കർഷകൻ എന്ന നിലയിൽ ആദരവ്, ഹൃദയത്തിൽ നിന്നും ഒരു സല്യൂട്ട്.

## ജാതി മത ഭേദമെന്യേ എല്ലാ വീടുകളിലും എത്തണം ഈ ലക്കം


**● പി. ജെ. തോമസ്, പുളിക്കത്തടത്തിൽ**
**പുല്ലൂരാംപാറ**

മലബാർ വിഷന്റെ ജനുവരി – ഫെബ്രുവരി ലക്കത്തിലെ കവർ സ്റ്റോറി കുടിയേറ്റ കർഷകന്റെ ദൈന്യതയുടെ നേർചിത്രം വരച്ചു കാട്ടിയിരിക്കുന്നു. സഭയല്ലാതെ ആരുണ്ട് ഈ ഇരുണ്ട യുഗത്തിൽ കർഷകനൊപ്പം നിൽക്കാൻ? ഈ ലേഖനം കർഷക മനഃസുകളിൽ ഏറെ പ്രകാശം പരത്തുന്നു. ആയതിനാൽ ഈ ലേഖനം ജാതിമത വ്യത്യാസമില്ലാതെ എല്ലാ ഭവനങ്ങളിലും എത്തണം എന്നാഗ്രഹിക്കുകയാണ്. നമ്മുടെ ഇടവകകൾ ഇതൊരു ദൗത്യമായി ഏറ്റെടുക്കട്ടെ.


# വിശുദ്ധനാട് തീർത്ഥയാത്ര

നമ്മുടെ കർത്താവ് ജനിച്ചു ജീവിച്ച അനുഗ്രഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.

● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്



ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി. യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു



2022 മെയ്, ഒക്ടോബർ, മാസങ്ങളിൽ.
ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

Sama Travel
Great Journeys Begin Here

Contact:
9544 285 018
7907 150 397

## യൂറോപ്പ്– മരിയൻ തീർത്ഥയാത്ര



● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● പോർച്ചുഗൽ
● ഇറ്റലി ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ

കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ.

മാർപാപ്പയെ കാണാൻ അപൂർവ അവസരം!!!

14 ദിവസത്തെ പ്രോഗ്രാം
കോഴിക്കോട് നിന്ന് പുറപ്പെടുന്നു

## ഗോവ തീർത്ഥയാത്ര

വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം–ദേവാലയം, മിരാമർ ബീച്ച്, ഡോണ പോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റീനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച് .

എല്ലാ യാത്രകൾക്കും വൈദികരുടെ നേതൃത്വം, യാത്ര ചെയ്യുന്ന സ്ഥലങ്ങളെക്കുറിച്ച് വിവരിക്കുന്ന ഹാൻഡ് ബുക്ക്.



ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

ഗോവ തീർത്ഥയാത്ര, യാത്രയടക്കം മൂന്ന് രാത്രി 2 പകൽ
കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

# സ്കോളർഷിപ്പോടെ വിദേശത്ത് പഠനം

**വിവിധ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളും സ്ഥാപനങ്ങളും ഇന്ത്യൻ വിദ്യാർഥികൾക്കു നൽകുന്ന ചില പ്രധാനപ്പെട്ട സ്കോളർഷിപ്പുകൾ പരിചയപ്പെടാം**



വിദ്യാധനം
പ്രഫ. ചാർലി കട്ടക്കയം



മുൻ കാലങ്ങളിൽ ഡിഗ്രി പഠനത്തിനു ശേഷം ഉന്നത പഠനത്തിനായി വിദേശ രാജ്യങ്ങളിൽ പോവുക പതിവായിരുന്നെങ്കിൽ ഇപ്പോൾ പത്താം ക്ലാസ് കഴിയുമ്പോൾ തന്നെ വിദേശപഠനത്തിനായി പോകുന്ന പ്രവണത കൂടിവരുന്നു. വിദേശ രാജ്യങ്ങളിലെ പഠനവും, ജോലിയും അവിടേയ്ക്കുള്ള കുടിയേറ്റവും സ്വപ്നം കാണുന്ന ഒരു തലമുറയെ ഇന്ന് നമുക്ക് ഇന്ത്യയിൽ വിശേഷിച്ച് കേരളത്തിൽ കാണാൻ കഴിയും. ധാരാളം ഏജൻസികൾ ഇന്ന് വിദേശത്ത് പോകുന്നതിന് വിദ്യാർഥികളെ സഹായിച്ച് വരുന്നുണ്ട്. ഇവിടെ പ്രത്യേകം ഓർക്കേണ്ട വസ്തുത, വിദേശങ്ങളിലെ മികച്ച ഒരു സ്ഥാപനവും എഡ്യൂക്കേഷണൽ കൺസൽട്ടൻസിക്കായി കമ്മീഷൻ കൊടുത്ത് വിദ്യാർഥികളെ തേടുന്നില്ല എന്നതാണ്. നമ്മുടെ നാട്ടിലെ സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങൾ പോലെ അവിടങ്ങളിൽ പൊട്ടിമുളച്ച യൂണിവേഴ്സിറ്റികളാണ് ഇത്തരത്തിൽ ഉയർന്ന ഫീസ് വാങ്ങി ഏജൻസികൾ വഴി അഡ്മിഷൻ നടത്തുന്നത്. ഇതിനർത്ഥം വിദേശത്ത് പഠിക്കാൻ പോകേണ്ട എന്നല്ല. വിദേശത്തെ ഒന്നാം തരം യൂണിവേഴ്സിറ്റികളിൽ പഠിച്ചാൽ ഒരു പാട് സാധ്യതകൾ ഉണ്ട്. സ്ഥാപനങ്ങളുടെ അക്കാഡമിക്ക് പെർഫോമൻസ് മനസിലാക്കി അഡ്മിഷൻ നേടിയെടുക്കണം. അഡ്മിഷൻ ഓഫർലെറ്റർ ലഭിച്ചതിനുശേഷം അവിടുത്തെ സ്ഥാപനങ്ങളും ഏജൻസികളും നൽകുന്ന സ്കോളർഷിപ്പുകളും ഫെലോഷിപ്പുകളും, അസിസ്റ്റൻഷിപ്പുകളും കരസ്ഥമാക്കിയാൽ വിദേശപഠനം മികച്ചതും ഒപ്പം ചിലവുകുറഞ്ഞതുമാകും. ഇത്തരത്തിലുള്ള ചില സ്ഥാപനങ്ങളെ പരിചയപ്പെടാം.

## അമേരിക്ക– ക്ലാരന്റൻ സ്കോളർഷിപ്പ്

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പഠനത്തിന് വർഷം തോറും 150 ഓളം പേർക്ക് ബിരുദാനന്തര ബിരുദ പഠനത്തിന് നൽകുന്ന സ്കോളർഷിപ്പാണിത്. പഠന ചിലവ് ജീവിത ചിലവ് തുടങ്ങിയവ സ്കോളർഷിപ്പിലൂടെ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്– www.ox.acuk/clarendon

## കോർണൽ യൂണിവേഴ്സിറ്റി ടാറ്റ സ്കോളർഷിപ്പ്

എൻജിനീയറിങ്, ആർക്കിടെക്ച്ചർ, ഇക്കണോമിക്സ്, മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ അണ്ടർഗ്രാജുവേറ്റ്, ഗ്രാജുവേറ്റ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ടാറ്റാ എഡ്യൂക്കേഷൻ ആന്റ് ഡവലപ്പ്മെന്റ് ട്രസ്റ്റും കോർണൽ യൂണിവേഴ്സിറ്റിയും ചേർന്നു നൽകുന്ന സ്കോളർഷിപ്പാണിത്. വിവരങ്ങൾക്ക് – www.cornel.edu/

## ഫുൾബ്രൈറ്റ് നെഹ്റു റിസർച്ച് ഫെല്ലോഷിപ്പ്

അമേരിക്കയിലെ വിവിധ സർവകലാശാലകളിൽ നിയമം, ആർട്സ്, സയൻസ്, പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ, പൊതുജനാരോഗ്യം, സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ ബിരുദാനന്തര പഠനത്തിന് അമേരിക്കയും ഇന്ത്യാ ഗവൺമെന്റും സംയുക്തമായി നൽകുന്ന സ്കോളർഷിപ്പാണിത്. അക്കാഡമിക്ക് നിലവാരം, ബിരുദ പ്രോഗ്രാമിലെ മികവ് എന്നിവ വിലയിരുത്തിയുള്ള ഈ സ്കോളർഷിപ്പിൽ എല്ലാ പഠന ചിലവുകളും ലഭിക്കുന്നു.
വിവരങ്ങൾക്ക്– www.usief.org.in

## ബ്രിട്ടൻ– ഫെലിക്സ് സ്കോളർഷിപ്പ്

യുകെയിലെ തെരഞ്ഞെടുത്ത സർവകാശാലകളിൽ ബിരുദാനന്തര പഠനത്തിനും ഡോക്ടറൽ പഠനത്തിനുമുള്ള സ്കോളർഷിപ്പാണിത്. ഈ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് അഡ്മിഷൻ ലഭിച്ചവർക്ക് ഫെലിക്സ് സ്കോളർഷിപ്പിന് അപേക്ഷിക്കാം.
വിവരങ്ങൾക്ക്– www. felixscholarship.org

## ബ്രിട്ടീഷ് കൗൺസിൽ ഗ്രേറ്റ് സ്കോളർഷിപ്പ്

ഇന്ത്യൻ വിദ്യാർഥികൾക്ക് യുകെയിലെ യൂണിവേഴ്സിറ്റി ഓഫ് എഡിൻബറോ, കെന്റ് മാഞ്ചസ്റ്റർ, പ്ലീമൗത്ത്, ന്യൂകാസിൽ തുടങ്ങി 25ഓളം പ്രമുഖ സ്ഥാപനങ്ങളിൽ ബിരുദ പഠനത്തിനും, ബിരുദാനന്തര പഠനത്തിനും നൽകുന്ന സ്കോളർഷിപ്പാണിത്. അപേക്ഷകർ ഇന്ത്യയിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടിയവരായിരിക്കണം.
വിവരങ്ങൾക്ക്– www.britishcouncil.in

## ബ്രിട്ടീഷ് ഷെവനിങ് സ്കോളർഷിപ്പ്

ശാസ്ത്രവിഷയങ്ങൾ, ജേർണലിസം, ഹ്യൂമാനിറ്റീസ്, കൃഷി, പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങളിൽ രണ്ട് വർഷത്തെ ബിരുദാനന്തര പഠനത്തിന് യുകെ ഗവൺമെന്റിന്റെ ഗ്ലോബൽ സ്കോളർഷിപ്പ് പ്രോഗ്രാം നൽകുന്ന സ്കോളർഷിപ്പാണിത്. സർക്കാർ നിയന്ത്രണത്തിലുള്ള ഫോറിൻ ആന്റ് കോമൺവെൽത്ത് എന്ന സ്ഥാപനമാണ് ഫണ്ടു നൽകുന്നത്. പ്രതിവർഷം 1500 ഓളം സ്കോളർഷിപ്പുകൾ നൽകുന്നു.
വിവരങ്ങൾക്ക്–www.chevening.org/scholarships

## കോമൺ വെൽത്ത് ഷെയർഡ് സ്കോളർഷിപ്പ്

യുകെയിൽ ബിരുദാനന്തര പഠനം, ഗവേഷണം എന്നിവയ്ക്ക് യുകെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർ നാഷണൽ ഡവലപ്മെന്റ് നൽകുന്ന സ്കോളർഷിപ്പാണിത്. വിദ്യാർഥിയുടെ ഫീസും മറ്റുള്ള മുഴുവൻ ചിലവുകളും യാത്രാ ചിലവുകളും ഇതിലുൾപ്പെടും.
വിവരങ്ങൾക്ക് – www.csc.uk.fedo.gov.uk

## ഓസ്ട്രേലിയ– അഡ്ലെയ്ഡ് യൂണിവേഴ്സിറ്റി സ്കോളർഷിപ്പ്

അഡ്ലെയ്ഡ് യൂണിവേഴ്സിറ്റിയിലെ രണ്ട് വർഷത്തെ ബിരുദാനന്തര ബിരുദ പഠനത്തിനും മൂന്ന് വർഷത്തെ ഗവേഷണ പഠനത്തിനും യൂണിവേഴ്സിറ്റി തന്നെ നൽകുന്ന സ്കോളർഷിപ്പാണിത്. മുഴുവൻ പഠനചിലവും, സ്റ്റൈപ്പന്റും, ആരോഗ്യ ഇൻഷുറൻസും സ്കോളർഷിപ്പായി ലഭിക്കും. ഓസ്ട്രേലിയയിലെ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റി അംഗീകരിച്ച ഓണേഴ്സ് ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.
വിവരങ്ങൾക്ക് – www.adelaide.edu.au

## അബ്ദുൾകലാം ഇന്റർനാഷണൽ സ്കോളർഷിപ്പ്

ഓസ്ട്രേലിയയിലെ പ്രധാനമായും യൂണിവേഴ്സിറ്റി ഓഫ് സിഡ്നിയിൽ പ്രവേശനം ലഭിക്കുന്ന ഇന്ത്യൻ വിദ്യാർഥികൾക്ക് എൻജിനീയറിങ്, ഐടി മേഖലകളിൽ ബിരുദാനന്തര പഠനത്തിന് നൽകിവരുന്ന സ്കോളർഷിപ്പാണിത്. ഓസ്ട്രേലിയയിൽ മറ്റിടങ്ങളിലെ ഗ്രാജുവേറ്റ് പഠനത്തിനും പ്രവേശനം നേടുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. വിവരങ്ങൾക്ക് – www.internationalunsw.sdu.au/

## ഫ്രാൻസ്– ചർപാക്ക് സ്കോളർഷിപ്പ്

ഫ്രാൻസിൽ ബിരുദാനന്തര പഠനത്തനിന് ചേരുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പാണിത്. അപേക്ഷകർ 30 വയസിൽ താഴെയായിരിക്കണം. പഠന ചിലവിന് പുറമേ യാത്രാ ചിലവുകളും ഈ സ്കോളർഷിപ്പിൽ ലഭിക്കും.
വിവരങ്ങൾക്ക്– www.indecampusfrance.org/

## നെതർലൻഡ്സ്– ഓറഞ്ച് ടൂലിപ്പ് സ്കോളർഷിപ്പ്

നെതർലൻഡ്സിലെ വിവിധ യൂണിവേഴ്സിറ്റികളിൽ അണ്ടർഗ്രാജുവേറ്റ് പഠനത്തിന് ലഭിക്കുന്ന സ്കോളർഷിപ്പാണിത്. അപേക്ഷകർക്ക് അതാത് സർവകലാശാലകൾ പറയുന്ന നിർദിഷ്ടയോഗ്യതകൾ ഉണ്ടായിരിക്കണം.
വിവരങ്ങൾക്ക്–www.studyinholland.nl

## സാൾടയർ സ്കോളർഷിപ്പ്

നെതർലാൻഡ്സിൽ മുഴുവൻ സമയം പഠനം നടത്തുന്ന ഇന്ത്യൻ വിദ്യാർഥികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പാണിത്. ബിരുദം ബിരുദാനന്തര പഠനത്തിലുള്ള ട്യൂഷൻ ഫീസും മറ്റ് ചിലവുകളും സ്കോളർഷിപ്പായി ലഭിക്കും.
വിവരങ്ങൾക്ക്–www.scotland.org/scholarship

## യൂറോപ്യൻ രാജ്യങ്ങൾ– എറാസ്മസ് മുണ്ടസ് സ്കോളർഷിപ്പ്

യൂറോപ്യൻ രാജ്യങ്ങളിൽ ബിരുദാനന്തര ബിരുദപഠനത്തിന് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് എറാമസ് ട്രസ്റ്റ് നൽകുന്ന സ്കോളർഷിപ്പാണിത്. ട്യൂഷൻ ഫീസ്, യാത്രാ ചിലവുകൾ, ജീവിത ചിലവുകൾ എന്നിവ ഈ സ്കോളർഷിപ്പിലൂടെ ലഭിക്കും. കൂടാതെ എറാമസ് മുണ്ടസ് ട്രസ്റ്റിന്റെ കീഴിൽ വരുന്ന രാജ്യങ്ങളിൽ ഉപരിപഠനം നടത്തുന്നതിനും സ്കോളർഷിപ്പ് ലഭിക്കും.
വിവരങ്ങൾക്ക്– www.erasmusplus.ec.europa.ea

**FORM IV**

Statement about ownership and other particulars about Malabar Vision.

1. Place of publication : PMOC, MARIKKUNNU P.O, CALICUT KERALA - 673012
2. Periodicity of its publication : MONTHLY
3. Printer's Name : BENNY ALEX
   Nationality : INDIAN
   Address : KARAKKATTU (H), CHAPPANTHOTTAM (P.O), KAVILUMPARA (VIA), CALICUT, KERALA - 673513
4. Publisher's Name : BENNY ALEX
   Nationality : INDIAN
   Address : KARAKKATTU (H), CHAPPANTHOTTAM (P.O), KAVILUMPARA (VIA), CALICUT, KERALA - 673513
5. Editor's Name : FR MANOJ KOLLAMPARAMBIL
   Nationality : INDIAN
   Address : KOLLAMPARAMBIL (H), PULLURAMPARA (P.O), PIN - 673 603

I, BENNY ALEX, hereby declare that the particulars given above are true to the best of my knowledge and belief.

Date: 07- 03- 2022

sd/-
Signature of Publisher


# പലസ്തീന – ലോകരാജ്യങ്ങളുടെ മധ്യേ

**കർത്താവിന്റെ നാട്ടിലൂടെയുള്ള തീർത്ഥയാത്ര തുടരുകയാണ്. ഈ ലക്കത്തിൽ പലസ്തീന യാത്ര ആരംഭിക്കുന്നു. പലസ്തീനയുടെ ആകമാനമുള്ള അപഗ്രഥനമാണ് ചുവടെ.**



## തീർത്ഥാടനം

ഫാ. ജോസഫ് കാപ്പിൽ





പലസ്തീന, ദൈവത്തിന്റെ മനുഷ്യരക്ഷാപദ്ധതിയുടെ വേദിയായി ദൈവം തിരഞ്ഞെടുത്ത ഈ വിശുദ്ധ നാട്, ഭൂമുഖത്തിന്റെ ഏതുഭാഗത്തു സ്ഥിതിചെയ്യുന്നു എന്നുനോക്കാം. ഏഷ്യാ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് പലസ്തീനയുടെ സ്ഥാനം. ഒരു വിധത്തിൽ പറഞ്ഞാൽ ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ് എന്നീ മൂന്ന് ഭൂഖണ്ഡങ്ങൾ സന്ധിക്കുന്ന ഭാഗമാണ് പലസ്തീന. ഈ പുണ്യഭൂമിയുടെ അതിർത്തികൾ താഴെ പറയുന്നവയാണ്. വടക്ക് ലബനോൺ, വടക്ക് കിഴക്ക് സിറിയ, കിഴക്ക് ജോർദാൻ, തെക്ക് സൗദി അറേബ്യ, തെക്ക് പടിഞ്ഞാറ് ഈജിപ്ത്, പടിഞ്ഞാറ് മെഡിറ്ററേനിയൻ കടൽ, പലസ്തീനയുടെ ചുറ്റും കിടക്കുന്നത് 22 അറബി രാജ്യങ്ങളാണ്. 22000 ച. കി. മീറ്റർ മാത്രം വിസ്തീർണമുള്ള ഒരു കൊച്ചു രാജ്യമാണ് പാലസ്തീന–ഇസ്രായേൽ. നമ്മുടെ കേരളത്തേക്കാൾ ചെറുതാണ് പലസ്തീന. ഏതാണ്ട് 38,000ത്തോളം ച. കി. മീറ്റർ വിസ്തീർണമാണ് കേരളത്തിനുള്ളത്. നീളം കൂടി വീതി കുറഞ്ഞ് കടൽത്തീരം ചേർന്ന് കിടക്കുന്ന രണ്ട് പ്രദേശങ്ങളാണ് പലസ്തീനയും കേരളവും. ഏറ്റവും വടക്കേ അറ്റത്തുള്ള 'ഡാൻ,' 'റമത്തുള്ള' എന്നീ പട്ടണങ്ങൾ മുതൽ ഇസ്രായേലിന്റെ ഏറ്റവും തെക്ക് ഭാഗത്ത് ചെങ്കടൽ തീരത്തുള്ള 'ഏലാത്ത്' പട്ടണം വരെ 470 ഓളം കിലോമീറ്റർനീളമാണുള്ളത്. ഏറ്റവും കൂടിയ വീതി 135 കിലോമീറ്ററാണ്. ഇതി നിലവിലുള്ള ഇസ്രായേൽ രാഷ്ട്രം 1948 മേയ് 14 നാണ് സ്ഥാപിക്കപ്പെട്ടത്. ഈ സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെയാണ് ഇസ്രായേൽ എന്ന പേര് സ്വീകരിച്ചത്.

ലോകരാജ്യങ്ങളുടെയെല്ലാം മധ്യമാണ് പലസ്തീന എന്ന ചിന്താഗതി പൊതുവിലും വിശുദ്ധ ഗ്രന്ഥത്തിലും കാണാൻ സാധിക്കും. ചില പഴയനിയമ ഗ്രന്ഥങ്ങളിൽ ഈ കാഴ്ചപ്പാട് നൽകിയിരിക്കുന്നു. ഉൽപ്പത്തി 17/8 ൽ അബ്രാഹത്തോട് ദൈവം നൽകിയ വാഗ്ദാനത്തെപ്പറ്റി പറയുന്നുണ്ട്. "ഞാൻ എന്നന്നേക്കും നിനക്കും നിന്റെ സന്തതികൾക്കും ദൈവമായിരിക്കും നീ പരദേശിയായി കഴിയുന്ന ഈ കാനാൻ ദേശം മുഴുവനും നിനക്കും നിനക്കുശേഷം നിന്റെ സന്തതികൾക്കും ഞാൻ തരും. എന്നും അത് അവരുടേതായിരിക്കും." ഈ വാഗ്ദാനം പലതവണ ആവർത്തിക്കപ്പെടുന്നുമുണ്ട് (ഉൽ 12/7, 13/15, 15/7, 15/8)

ഉരുണ്ട ഭൂഗോളത്തിൽ ഒരു മധ്യം ഇന്നതാണെന്ന് എങ്ങിനെ പറയാൻ കഴിയും?, എന്നാൽ ഒരു ഭൂപടം നിവർത്തിവച്ച് നോക്കിയാൽ ദൈവം അവർക്ക് കൊടുത്ത ഈ പ്രതലം ഭൂമിയുടെ മധ്യഭാഗമാണെന്ന് കാണാം. എസ. 5/5 ലും 38/12 ലും അങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. 38/12 ൽ വിവിധ ജനതകളുടെ ഇടയിൽ നിന്നും ശേഖരിക്കപ്പെട്ട ഭൂമിയുടെ മധ്യത്തിൽ താമസിക്കുന്നവർ എന്നാണ് അവരെ വിശേഷിപ്പിച്ചിരിക്കുന്നത്. 5/5 ൽ ജനതകളുടെയും രാജ്യങ്ങളുടെയും മധ്യേ അവളെ ഞാൻ സ്ഥാപിച്ചു എന്നും പറഞ്ഞിരിക്കുന്നു. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഒരു വിളക്കായി, ലോകത്തിന് മുഴുവൻ പ്രകാശമായി തീരുവാൻ ദൈവം തിരഞ്ഞെടുത്ത ഒരു ജനതയാണ് യഹൂദജനത. അവർ ലോകത്തിന്റെ പ്രകാശമായിത്തീരണം. ദൈവത്തിന്റെ വെളിച്ചം ലോകത്തിന് നൽകിയത് അവരിലൂടെയാണ്. ഒരു വിളക്ക് കത്തിച്ചാൽ വീട്ടിൽ എല്ലായിടത്തും വെളിച്ചം കിട്ടുവാൻ മധ്യസ്ഥാനത്തല്ലേ വെയ്ക്കുക. ഈശോയിലേക്ക് വരുമ്പോൾ ജഡപ്രകാരം ഈശോ ജനിച്ചത് പലസ്തീനായിലെ ബദ്‌ലഹേമിലാണ്. ഈശോ ലോകത്തിന്റെ പ്രകാശമാണ്. അപ്പ. പ്രവ. 13/47ൽ പറഞ്ഞിരിക്കുന്ന, ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ വ്യാപിപ്പിക്കുന്നതിൽ വിജാതീയരുടെ ഒരു ദീപമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു. അതിനാൽ ലോകത്തിന്റെ പ്രകാശമായ ഈശോ, ലോകത്തിന്റെ മധ്യത്തിൽ കുടിയിരുത്തപ്പെട്ട ജനതയിൽനിന്ന് ലോകത്തിന്റെ മധ്യത്തിലാണ് ജനിച്ചതെന്ന് പറയാൻ കഴിയും. ദൈവം തന്റെ പ്രിയപുത്രൻ പിറക്കാൻ ഭൂമിയുടെ മധ്യമായ പലസ്തീന തന്നെ തിരഞ്ഞെടുത്തതായിട്ടാണ് കാണാൻ കഴിയുക.

ലോകത്തിന്റെ മധ്യം പലസ്തീനയാണെന്നും പലസ്തീനയുടെ മധ്യം ദൈവത്തിന്റെ നഗരമായ ജറുസലേം പട്ടണമാണെന്നും പട്ടണത്തിന്റെ മധ്യം, ദൈവത്തിന്റെ വാസസ്ഥലമായ ദൈവാലയമാണെന്നും ദൈവാലയത്തിന്റെ കേന്ദ്രം അതിവിശുദ്ധ സ്ഥലമാണെന്നുമുള്ള വിശ്വാസവും കാഴ്ചപ്പാടും യഹൂദർക്കിടയിൽ നിലനിൽക്കുന്നു.

പഴയനിയമത്തിലെ പ്രധാനപ്പെട്ട പുണ്യസ്ഥലങ്ങളും, ഈശോയുടെ ജനനവും, ജീവിതവും സുവിശേഷ പ്രഘോഷണവും അത്ഭുതപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട, പലസ്തീനയിലെ പ്രദേശങ്ങളും സ്ഥലങ്ങളും അവിടുത്തെ പീഡാസഹനവും കുരിശുമരണവും, ഉത്ഥാനവും, സ്വർഗ്ഗാരോഹണവും പന്തക്കുസ്തായും എല്ലാമായി ബന്ധപ്പെട്ട സ്ഥാനങ്ങളും എല്ലാം ഓരോന്നോരോന്നായി സന്ദർശിക്കുകയാണ് ഇനി.



ജറുസലേം ദേവാലയത്തിന്റെ ഇപ്പോൾ അവശേഷിക്കുന്ന വിലാപ മതിൽ

ഈശോയുടെ കാലത്ത് മൂന്ന് ജില്ലകൾ അല്ലെങ്കിൽ മൂന്ന് പ്രൊവിൻസുകളായി കിടന്ന നാടാണ് പലസ്തീന. ഏറ്റവും വടക്ക് ഭാഗത്ത് ഗലീലിപ്രദേശം മധ്യഭാഗത്ത് സമറിയ, തെക്ക് ഭാഗത്ത് യൂദയാ എന്നിങ്ങനെ അറിയപ്പെട്ടിരുന്ന മൂന്ന് പ്രൊവിൻസുകളാണ് ഉണ്ടായിരുന്നത്. ഈ മൂന്ന് പ്രൊവിൻസുകളിലൂടെയും വടക്കും തെക്കും കിഴക്കും പടിഞ്ഞാറുമായി രാവും പകലുമില്ലാതെ സഞ്ചരിച്ച് ഈശോ, മൂന്ന് വർഷം നീണ്ടുനിന്ന തന്റെ സുവിശേഷ പ്രഘോഷണം നടത്തി. എണ്ണമില്ലാത്തവിധം അത്ഭുതങ്ങൾ പ്രവർത്തിച്ചു. അവസാനം ജറുസലേം പട്ടണത്തിൽ വച്ച് തന്റെ പീഡാസഹനവും കുരിശുമരണവും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും വഴിയായി സർവ മനുഷ്യകുലത്തേയും പിതാവായ ദൈവവുമായി രമ്യതപ്പെടുത്തി. മനുഷ്യരക്ഷ പൂർത്തിയാക്കി പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നു. ലോകാവസാനത്തിൽ മഹത്വപൂർണനായി വീണ്ടും വരികയും ചെയ്യും.

വടക്ക് ഭാഗത്തെ ഗലീലിയാ പ്രദേശത്ത്, ഗലീലിയ തടാകം തിബേരിയാസ് പട്ടണം, മഗ്ദല, അപ്പം വർധിപ്പിച്ച സ്ഥലം, കഫർണാം, പത്രോസിന്റെ വീടിരുന്ന സ്ഥാനം, പത്രോസിന്റെ പരമാധികാരം നൽകിയ സ്ഥലം, നസ്രത്ത്, തിരുക്കുടുംബത്തിന്റെ ഭവനം, മാതാവിന്റെ വീടിന്റെ സ്ഥാനം, മംഗലവാർത്തയുടെ ബസലിക്ക, യോർദാൻ നദി, കാനാ, താബോർമല, നായിം പട്ടണം, കഫർണാമിൽ ഈശോ പരിശുദ്ധ കുർബാനയെപ്പറ്റി പഠിപ്പിച്ച യഹൂദ സിനഗോഗ് എന്നിവയെല്ലാം നാം സന്ദർശിക്കും. പലസ്തീനയുടെ മധ്യപ്രദേശമായ സമറിയ, അവിടെ യാക്കോബിന്റെ കിണർ, പൂർവ്വയൗസേപ്പിന്റെ ശവകുടീരം, ലോകത്തിൽ ആകമാനമുള്ള 550 ഓളം സമറിയാക്കാർ ജീവിക്കുന്ന പ്രദേശം, അവർ മൂശയുടെ നിയമമനുസരിച്ച് പെസഹാകുഞ്ഞാടുകളെ ബലിയർപ്പിച്ച് തീയിൽ ചുട്ട് പുളിപ്പില്ലാത്ത അപ്പവും കൈപ്പുള്ള ഇലകളും കൂട്ടി പെസഹാ ആഘോഷിക്കുന്ന സ്ഥലം ഇതെല്ലാം നാം മനസിലാക്കുന്ന പുണ്യസ്ഥലങ്ങളാണ്. പലസ്തീനായുടെ തെക്ക് ഭാഗത്ത് യൂദയാ പ്രദേശത്ത് ജറുസലേം പട്ടണം, യഹൂദ ദൈവാലയം ഇരുന്ന സ്ഥാനം, ഗദ്സമൻ തോട്ടം, സ്വർഗ്ഗാരോഹണ സ്ഥലമായ ഒലിവ് മല, സെഹിയോൻ ഊട്ടുശാലയുടെ സ്ഥാനം, കയ്യാഫാസിന്റെ അരമന, കുരിശിന്റെ വഴി, ഗാഗുൽത്താ, ഈശോയുടെ കബറിടം, ബദ്‌ലഹേം, പൂർവപിതാക്കന്മാരുടെയും മാതാപിതാക്കളുടെയും ശവകുടീരങ്ങൾ തുടങ്ങിയവയെല്ലാം നമ്മൾ സന്ദർശിക്കും.







ഗലീലി തടാകവും സമീപ പ്രദേശങ്ങളും

## പ്രീ-കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രീകാനാ കോഴ്സ് ഏപ്രിൽ 1 മുതൽ 3 വരെ നടക്കും. ഓൺലൈനായാണ് ക്ലാസുകൾ. ഇടവക വികാരിയുടെ കത്ത്, പങ്കെടുക്കുന്നയാളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ബുക്കിങ്ങിന് ആവശ്യമാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **8714031056** എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സാപ്പ് മെസേജ് അയയ്ക്കുകയോ ചെയ്യുക. കോഴ്സ് ഫീസായ 600 രൂപ അടയ്ക്കാൻ ഏതെങ്കിലും ക്യാഷ് പെയ്മെന്റ് ആപ് മുഖേന താഴെ കാണുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

## കുടുംബസുരക്ഷ ആരോഗ്യ ഇൻഷുറൻസ് വിജയകരമായ ആറാം വർഷത്തിലേക്ക്

**താമരശ്ശേരി:** രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സിഒഡിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ കുടുംബസുരക്ഷ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി ആറാം വർഷത്തിലേക്ക് പ്രവേശിച്ചു. സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

കഴിഞ്ഞ 5 വർഷം അസുഖങ്ങളാലും അപകടങ്ങളാലും വിവിധ ആശുപത്രികളിൽ ചികിത്സതേടിയ 2014 കുടുംബങ്ങൾക്ക് 2.37 കോടി രൂപ ഈ പദ്ധതിയിലൂടെ നല്കി.

വർദ്ധിച്ചുവരുന്ന മഹാമാരികളും, മാറാരോഗങ്ങളും അസുഖങ്ങളും അപകടങ്ങളും സാധാരണക്കാരായ കുടുംബങ്ങൾക്ക് താങ്ങാനാവാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു ആരോഗ്യ ഇൻഷൂറൻസ് പദ്ധതി രൂപത നടത്തിവരുന്നതെന്ന് സിഒഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ പറഞ്ഞു.



ഭാര്യ, ഭർത്താവ്, 70 വയസ്സ് വരെയുള്ള മാതാപിതാക്കൾ, കുട്ടികൾ എന്നിങ്ങനെ 6 പേർക്ക് പദ്ധതിയിൽ അംഗങ്ങളാകാം. ഇന്ത്യയിലെ എല്ലാ നെറ്റ് വർക്ക് ആശുപത്രികളിലും 24 മണിക്കൂറിലധികം വരുന്ന കിടത്തി ചികിത്സക്ക് പദ്ധതിയിൽ ക്ലെയിം ചെയ്യാവുന്നതാണ്. 3750 രൂപ വാർഷിക പ്രീമിയത്തിൽ ഒരു ലക്ഷം വരെയാണ് ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുന്നത്. പദ്ധതിയിൽ പങ്കാളികളാകുന്നതിനുള്ള ക്യാമ്പയിനുകൾ വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ ഇടവക പ്രതിനിധികൾ, സംഘടനകൾ, സി.ഒ.ഡി സ്റ്റാഫംഗങ്ങൾ എന്നിവർ മുഖേന നടത്തിവരുന്നു.

കൂടുതൽ വിവരങ്ങൾക്കും സേവനത്തിനുമായി താമരശ്ശേരി മാതാ ടവറിൽ പ്രവർത്തിക്കുന്ന സിഒഡി ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : **0495 2223022, 94479 29 223.**

## സ്റ്റാർട്ടിൽ മാസ്റ്റർ ട്രെയ്നിങ് കോഴ്സ്: അഡ്മിഷൻ ആരംഭിച്ചു

**കോഴിക്കോട്:** ഭരണം, ഉദ്യോഗം, ജുഡീഷ്യറി, മാധ്യമമേഖല തുടങ്ങിയ രംഗങ്ങളിൽ മൂല്യബോധവും അർപ്പണസ്വഭാവവും ഈശ്വരചിന്തയുമുള്ള നേതാക്കളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'സ്റ്റാർട്ടി'ൽ പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിക്കുന്ന ഏകവത്സര തീവ്രപരിശീലനകോഴ്സായ മാസ്റ്റർ ട്രെയ്നിങ് കോഴ്സിന്റെ പതിനാറാമത് ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

ഉപരിപഠനത്തിനും തുടർന്ന് തൊഴിൽ നേടുന്നതിനും ഏറ്റവും ആവശ്യമായ അടിസ്ഥാനപരിശീലനം ഈ കോഴ്സിലൂടെ നൽകുന്നു. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള പരിശീലനവും അടിസ്ഥാനഗണിതം, പൊതുവിജ്ഞാനം, യുക്തിവിചാരം, വ്യക്തിത്വവികസനം, കഠിനാദ്ധ്വാനശീലം, ആദർശനിഷ്ഠ, ആശയവിനിമയപാടവം, ലക്ഷ്യബോധം, ഇന്റർവ്യൂ പരിശീലനം, അച്ചടക്കം, ആധ്യാത്മികത എന്നീ കാര്യങ്ങളിലും പരിശീലനം നൽകുന്നു.

ഓരോ വിദ്യാർഥിയുടെയും അഭിരുചി കണ്ടെത്തി ആ വഴിക്ക് അവരുടെ ഉപരിപഠനം തിരിച്ചുവിടുന്ന കാര്യത്തിൽ മാസ്റ്റർ ട്രെയ്നിങ് കോഴ്സ് പ്രഥമ പരിഗണന നല്കുന്നു. അതിന് സഹായിക്കാൻ വിദഗ്ധരായ അധ്യാപകരും കൗൺസിലിങ് സൗകര്യങ്ങളും സ്റ്റാർട്ടിലുണ്ട്.

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കോളർഷിപ്പോടും സ്റ്റൈപ്പന്റോടും കൂടെ പഠിക്കുവാൻ കുട്ടികളെ ഒരുക്കുന്നു. മാസ്റ്റർ ട്രെയ്നിങ് കോഴ്സിന്റെ കഴിഞ്ഞുപോയ പതിനഞ്ച് ബാച്ചുകളിൽനിന്നായി നൂറുകണക്കിന് കുട്ടികൾ വിവിധ കേന്ദ്രസർവകലാശാലകളിൽ സ്കോളർഷിപ്പോടെ പഠനം തുടരുന്നു.



മാനവിക വിഷയങ്ങൾ പഠിക്കുന്നവർക്ക് സാധ്യതകൾ ഒട്ടേറെയാണ്. മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളും കമ്പനികളും ഇപ്പോൾ മാനവിക വിഷയങ്ങൾ പഠിക്കുന്നവർക്ക് മുൻഗണന നല്കുന്നു. ഈ സാഹചര്യത്തിൽ പ്ലസ് ടു വരെ സയൻസ് പഠിച്ചുവന്നവരാണെങ്കിലും ഉപരിപഠനത്തിന്, സ്വാഭാവിക അഭിരുചിക്ക് ചേരുമെന്നുകണ്ടാൽ, മാനവിക വിഷയങ്ങളിൽ ഉപരിപഠനം നടത്താനാണ് സ്റ്റാർട്ട് പ്രോത്സാഹിപ്പിക്കുന്നു.

സിവിൽ സർവീസ്, NET, SET, P-SC, UPSC തുടങ്ങിയ പരീക്ഷകൾക്ക് ഏറ്റവും ഫലപ്രദമായ മുന്നൊരുക്കമാണ് മാസ്റ്റർ ട്രെയ്നിങ് കോഴ്സ്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്യാമ്പസ്സിൽത്തന്നെ ഹോസ്റ്റൽ സൗകര്യമുള്ളതിനാൽ, ഗ്രൂപ്പുചർച്ചകൾക്കും നിശബ്ദമായ പഠനത്തിനും വിശ്രമത്തിനും പ്രർത്ഥനയ്ക്കും വേണ്ട സൗകര്യങ്ങൾ ലഭിക്കുന്നു. ഓരോ ദിവസവും ആരംഭിക്കുന്നത് വിശുദ്ധ കുർബ്ബാനയോടുകൂടിയും സമാപിക്കുന്നത് ഒരുമിച്ചു ചേർന്നുള്ള ജപമാലയോടുകൂടിയുമാണ്. സഭാചരിത്രം, സമുദായചരിത്രം, ബൈബിൾ ക്ലാസ്സുകൾ എന്നിവയും വിശ്വാസരൂപീകരണവും സിലബസിന്റെ ഭാഗമാണ്. ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിലാണ് രക്ഷാധികാരി.

വിവരങ്ങൾക്ക്: **0495 2357843, 8590468035;**
E mail: startindia@gmail.com;
Website : www.startindia.org

## ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ് – റെസിഡൻഷ്യൽ കോഴ്സ്

**കോഴിക്കോട്:** താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടിന്റെയും ആൽഫാ മരിയ അക്കാദമിയുടെയും നേതൃത്വത്തിൽ ഏപ്രിൽ 20 മുതൽ മേയ് 20 വരെ ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായ കോഴ്സ് സംഘടിപ്പിക്കുന്നു. സ്റ്റാർട്ടിലാണ് ക്ലാസുകൾ. ഈ വർഷം 9, 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടിയാണ് കോഴ്സ്.

ഇംഗ്ലീഷ് ഭാഷ, ഗ്രാമർ എന്നിവയിൽ പ്രാവിണ്യം നേടാൻ ഈ കോഴ്സ് കുട്ടികളെ സഹായിക്കുന്നു. കൂടാതെ, എല്ലാ മത്സരപരീക്ഷകൾക്കും നിർബന്ധിത വിഷയമായ ലോജിക്കൽ റീസണിങ്ങും പൊതുവിജ്ഞാനവും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താല്പര്യമുള്ളവർ ഏപ്രിൽ 1ന് മുമ്പായി സ്റ്റാർട്ട് ഓഫീസുമായോ ആൽഫ ഓഫീസുമായോ ബന്ധപ്പെടുകയോ 8590468035, 7907028758 എന്നീ വാട്സ്ആപ്പ് നമ്പറിൽ മെസ്സേജ് അയക്കുകയോ ചെയ്യുക.

ഫോൺ: **0495 2357843.**

### വേർപാടിന്റെ 4 വർഷങ്ങൾ

04-04-2022 24-03-2022



ജോസഫ് തെങ്ങുംപിള്ളിൽ
കൂടരഞ്ഞി

അന്നക്കുട്ടി തെങ്ങുംപിള്ളിൽ
വയലിൽ കുടുംബാംഗം
ആനക്കാംപൊയിൽ

എന്നെന്നും സ്നേഹം മാത്രം ഞങ്ങൾക്ക് നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ചാച്ചന്റെയും അമ്മച്ചിയുടെയും ഓർമകൾക്ക് മുന്നിൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

### 5-ാം ചരമ വാർഷികം

(25 - 03 - 2022)



വി.ഡി പൗലോസ്
വെള്ളപ്പാക്കൽ, വേനപ്പാറ

മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാക്കണമേ.
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

### സ്വർഗത്തിൽ അഞ്ചാം പിറന്നാൾ

(19-04-2022)



സാവിയോ വിനു
കാലായിൽ, ചക്കിട്ടപാറ

ജനനം: 02-04-2009 മരണം: 19-04-2017

തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്
(സങ്കീർത്തനം: 116-15)

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# രൂപതാ മാതൃവേദിക്ക് പുതിയ നേതൃത്വം


ലിസി ജോസ്


ജെസി


ജിഷ


സൗമ്യ


പിൽസി

**താമരശ്ശേരി:** സീറോ മലബാർ മാതൃവേദി രൂപതാ പ്രസിഡന്റായി ലിസി ജോസ് കൂട്ടിയാനിക്കലും (കൂടത്തായി) സെക്രട്ടറിയായി ജെസി പൊൻമലക്കുന്നേലും (വിലങ്ങാട്) തിരഞ്ഞെടുക്കപ്പെട്ടു. ജിഷ മാണിയ്ക്കനാംപറമ്പിൽ (കല്ലക്കുണ്ട്) വൈസ് പ്രസിഡന്റും സൗമ്യ പാലക്കുടിയിൽ (വാലില്ലാപ്പുഴ) ജോയിന്റ് സെക്രട്ടറിയും പിൽസി ജോണി തിരുമല (കോടഞ്ചേരി) ട്രഷററുമായി തിരഞ്ഞെടുക്കപ്പെട്ടു.

എക്സിക്യൂട്ടീവ് അംഗങ്ങൾ: ബബിത ആൻ ജോസഫ് കൊല്ലറേട്ട് (മരിയാപുരം), സിനി ബിനു കന്നാലിൽ (കരിങ്ങാട്), മോനി സേവ്യർ തെക്കേതൊട്ടിയിൽ (തിരുവമ്പാടി), സിമി ജോൺസൺ കണിച്ചേരി (കക്കയം), സ്വപ്ന മനീഷ് പിണക്കാട്ട് (അശോകപുരം), ഷീജ വിനോദ് മുണ്ടയ്ക്കൽ (കൊണ്ടോട്ടി).

## ആൽഫയിൽ അവധിക്കാല ക്യാമ്പ്

**തിരുവമ്പാടി:** ആൽഫ മരിയ അക്കാദമിയിൽ യുപിസ്കൂൾ വിദ്യാർഥികൾക്കായി അവധിക്കാല പഠന ക്യാമ്പ് ആരംഭിക്കും. ഇംഗ്ലീഷ്, ഹിന്ദി വ്യാകരണ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം, പ്രസംഗകല എന്നിവയിൽ പരിശീലനം നൽകും.
വിവരങ്ങൾക്ക്: 0495 2252180

## ഫുഡ് അവയർനെസ് ശില്പശാല സംഘടിപ്പിച്ചു

**താമരശ്ശേരി:** അൽഫോൻസാ കോളേജിലെ എൻട്രപ്രണർഷിപ് ഡെവലപ്മെന്റ് ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി ഫുഡ് അവയർനെസ് ശില്പശാല നടത്തി ആരോഗ്യമുള്ള ജീവിതത്തിന് അനുയോജ്യമായ ലളിതവും രുചികരവുമായ ഭക്ഷണം തയ്യാറാക്കുന്ന പാചകകലയിൽ വിദ്യാർഥികളെ പ്രാവീണ്യം ഉള്ളവരാക്കാൻ നടത്തിയ ശില്പശാല പ്രിൻസിപ്പാൾ ഡോ. കെ. വി. ചാക്കോ ഉദ്ഘാടനം ചെയ്തു. താജ് ഗ്രൂപ്പിലെ മുഖ്യ ഷെഫ് ജോൺസൺ എം. തോമസ്, കെ. ധന്യ, സിദ്ധാർഥ് മനോജ് എന്നിവർ പ്രസംഗിച്ചു.

## ഇവർ റാങ്ക് ജേതാക്കൾ





മതബോധന പ്ലസ്ടു പരീക്ഷയിൽ (HCC) യൂണിവേഴ്സിറ്റി റാങ്ക് നേടിയവർ: ഒന്നാം റാങ്ക് – മെൽബി വർഗീസ് ചെമ്പുകണ്ടത്തിൽ (ചീരട്ടാമല). രണ്ടാം റാങ്ക് – റോസ്മിൻ പി. പുളിക്കപ്പറമ്പിൽ (പനംപ്ലാവ്). മൂന്നാം റാങ്ക് ജീവ ജോസ് മാറാപ്പിള്ളിൽ (പുല്ലൂരാംപാറ).





മതബോധന പ്ലസ് വൺ പരീക്ഷയിൽ (HCC) യൂണിവേഴ്സിറ്റി റാങ്ക് നേടിയവർ: ഒന്നാം റാങ്ക് – ലിസ് മേരി വിൻസെന്റ് പഴൂർ (കൂടരഞ്ഞി). രണ്ടാം റാങ്ക് – ജെഫ്രിൻ സെബാസ്റ്റ്യൻ തുണ്ടത്തിൽ (പുല്ലൂരാംപാറ). മൂന്നാം റാങ്ക് – സാനിയ തോമസ് കൊച്ചുപുരയ്ക്കൽ (ചീരട്ടാമല).

## കെസിവൈഎം ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പ്

**താമരശ്ശേരി:** കെസിവൈഎം രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾക്കായുള്ള ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാമുകൾ മൂന്ന് ഘട്ടങ്ങളിലായി പൂർത്തിയാക്കി. രണ്ടുദിവസങ്ങളിലായി ക്രമീകരിച്ച ട്രെയിനിങ് പ്രോഗ്രാമുകളിൽ ഷൈജു അതിരമ്പുഴ, ബോബൻ കൊക്കപ്പുഴ, സിസ്റ്റർ ജിനു എംഎസ്ജെ, ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ഫാ. മാത്യു തൂമുള്ളിൽ എന്നിവർ ക്ലാസുകൾ നയിച്ചു. കക്കാടംപൊയിൽ സിഎംസി സ്കൂൾ, അൽഫോൻസ കോളേജ് തിരുവമ്പാടി, സെൻ മേരീസ് ഹയർ സെക്കൻഡറി സ്കൂൾ കൂടത്തായി എന്നിവിടങ്ങളിലായാണ് ക്യാമ്പുകൾ നടന്നത്.

## സമാധാന വെട്ടം തെളിയിച്ചു

**താമരശ്ശേരി:** സമാധാനമാണ് ലോകമെങ്ങും പടരേണ്ടതെന്ന സന്ദേശമുയർത്തി കെസിവൈഎം രൂപതാ സമിതിയുടെ നേതൃത്വത്തിൽ 'സമാധാന വെട്ടം' തെളിയിച്ചു. താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ നടന്ന പരിപാടി യുദ്ധരഹിത പ്രതിജ്ഞ ചൊല്ലിക്കൊണ്ട് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായിരുന്നു. രൂപതയിൽ നിന്നുള്ള യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു.

## അൽഫോൻസ കോളജിൽ റേഡിയോ ദിനം ആചരിച്ചു

**തിരുവമ്പാടി:** അൽഫോൻസ കോളേജിൽ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ, ഇംഗ്ലീഷ് വിഭാഗങ്ങളുടെ നേതൃത്വത്തിൽ ലോക റേഡിയോ ദിനം ആചരിച്ചു. പ്രിൻസിപ്പൽ ഡോ: കെ. വി. ചാക്കോ ഉദ്ഘാടനം ചെയ്തു. റേഡിയോ മിർച്ചി 92.7 എഫ്എം റേഡിയോ ജോക്കി ആർജെ അഞ്ജു ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു.



ഇംഗ്ലീഷ് വിഭാഗം വിദ്യാർഥികളുടെ സഹകരണത്തോടെ കോളേജ് എഫ് എം റേഡിയോ റീ ലോഞ്ച് ചെയ്തു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി.

വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ, അധ്യാപകരായ അമൽ ജിത്ത്, ദീപ ഡൊമിനിക്, കെ. സുധാകരൻ, വിദ്യാർഥി പ്രതിനിധികളായ സൂര്യ സതീശ്, ലയ, അൽഫിന, ഹാഷിം ഷറഫ്, ഋതിക് ടോം, മഹിത ഫിലിപ്പോസ്, നാദിയ, മുഹമ്മദ് നിഹാൽ, സാന്ദ്രാ മരിയ, ജോയൽ ആന്റണി, സി. ആദർശ്, ഡെന്നി ജോസഫ് എന്നിവർ നേതൃത്വം നൽകി.

1946 ഫെബ്രുവരി 13 ന് ഐക്യരാഷ്ട്ര സഭ റേഡിയോ സംപ്രേക്ഷണം ആരംഭിച്ചതിന്റെ ആദര സൂചകമായാണ് എല്ലാ വർഷവും ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കുന്നത്.

## തണൽ വീട്...



കെസിവൈഎം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ എസ്എംവൈഎം അബുദാബിയുടെ സഹകരണത്തോടെ കാറ്റുള്ളമല ഇടവകയിൽ നിർമിച്ചു നൽകിയ തണൽവീട്. ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. കെസിവൈഎം രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, വികാരി ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ, പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, ജനറൽ സെക്രട്ടറി റിച്ചാഡ് ജോൺ, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ വിശാഖ് തോമസ്, യൂണിറ്റ് അനിമേറ്റർ സിസ്റ്റർ ടെസ്സി എസ്എച്ച് എന്നിവർ പങ്കെടുത്തു.

സ്വർഗ്ഗത്തിൽ 2-ാം പിറന്നാൾ
18-03-2022



മെൽജോ പൗലോസ്
കാളാംപറമ്പിൽ, ചക്കിട്ടപാറ
ജനനം 21-4-2000 മരണം 18-3-2020
മരിക്കാത്ത ഓർമ്മകളോടെ പ്രാർത്ഥനയിൽ എല്ലാവരും ഓർക്കുക
സ്നേഹത്തോടെ അപ്പ, അമ്മ, അനിയൻ കുടുംബാംഗങ്ങൾ

## പ്രതികരണം




▸ പേജ് അഞ്ചിൽ നിന്ന് തുടർച്ച

ഇന്ന് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം കർഷകരും അവരുടെ അന്നന്നത്തെ ആഹാരത്തിനു വേണ്ടി കുടുംബത്തിലെ ഒരു അംഗം എങ്കിലും മറ്റു ജോലികളിൽ ഏർപ്പെട്ടാണ് ജീവിതം മുന്നോട്ടു നയിക്കുന്നത്.

കൃഷിക്കാരൻ എന്ന പദം തന്നെ ആലങ്കാരികമായി കൊണ്ടുനടക്കാൻ മാത്രമൊതുങ്ങുന്ന ഒന്നായി മാറിയിട്ടുണ്ട്. മറ്റു ജോലികൾ ഒന്നും ഇല്ലാത്ത ആളുകൾ എന്താണ് ജോലി എന്ന് ചോദിച്ചാൽ പറയുവാൻ ഉള്ള ഒന്നായി കൃഷിക്കാരൻ എന്ന പദം മാറി.

വനാതിർത്തിയിലെ കർഷകരെല്ലാം അവരുടെ ഏക്കറുകണക്കിന് ഭൂമി തുച്ഛമായ വിലയ്ക്ക് പുറമേ നിന്നും വരുന്ന ആളുകൾക്ക് വിറ്റ് നഗരപ്രദേശങ്ങളിലെ 10 സെന്റിലേക്ക് ഒതുങ്ങിക്കൂടുന്ന ദയനീയമായ കാഴ്ചയാണ് നമുക്ക് ഇന്ന് കാണുവാൻ സാധിക്കുന്നത്. കൂലി ചിലവുകളും മറ്റും നിയന്ത്രിച്ച് മാത്രമേ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളു.

പഴയകാലത്തെ മാറ്റാൾ പണിയും സംഘകൃഷിയും കാർഷിക വിപണന കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയിലൂടെ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായമായ വില കണ്ടെത്തുവാനുള്ള കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ ഗ്രാമങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പല കാർഷിക ഉൽപന്നങ്ങളും 40 തു 50 തും കിലോമീറ്റർ അകലെയുള്ള ടൗണുകളിൽ നമ്മുടെ നാട്ടിലേ വിലയുടെ രണ്ടും മൂന്നും ഇരട്ടി വിലയ്ക്കാണ് വിൽക്കപ്പെടുന്നത് എന്ന് മനസ്സിലാക്കുമ്പോഴാണ് വിപണന മേഖലയിലെ നമ്മുടെ പരിമിതികൾ മൂലം നമുക്ക് ഉണ്ടാകുന്ന നഷ്ടങ്ങളുടെ വ്യാപ്തി മനസ്സിലാവുകയുള്ളു.

കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ അതിൻറെ ഗുണനിലവാരം പൊതുജനങ്ങളെയും മനസ്സിലാക്കി അർഹമായ ന്യായവില ലഭിക്കുന്ന മാർക്കറ്റിംഗ് സംവിധാനം രൂപപ്പെടുത്തിയെങ്കിൽ മാത്രമേ നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് നിലനിൽക്കുവാൻ സാധിക്കുകയുള്ളു.

# എവരേയും ഉൾക്കൊള്ളുന്ന സ്നേഹമനസ്സ് സ്വന്തമാക്കണം: ബിഷപ് ഇഞ്ചനാനിയിൽ

**മരിയാപുരം:** ഫാത്തിമ മാതാ ഫൊറോന ദേവാലയത്തോടു ചേർന്ന് പുതുതായി നിർമിച്ച വൈദിക മന്ദിരത്തിന്റെയും 'കുരിശിന്റെ വഴി' തീർഥപാതയുടെയും സമർപ്പണ തിരുക്കർമങ്ങൾ ഭക്തിസാന്ദ്രമായി. താമരശ്ശേരി രൂപതാ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആഘോഷമായ വിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ, സിഎഫ്ഐസി പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ആന്റണി കൊച്ചുപറമ്പിൽ എന്നിവർ സഹകാർമികരായി.

'മറ്റുള്ളവരുടെ പാദം കഴുകുന്ന സ്നേഹം നാം സ്വന്തമാക്കണം. എല്ലാവരെയും ഉൾക്കൊള്ളുന്ന മനസ്സാണ് ദൈവം ആഗ്രഹിക്കുന്നത്. അവഹേളിക്കുന്നവരെയും സ്നേഹിതാ എന്നു വിളിക്കാനുള്ള വിശാലമായ ആത്മീയതയിലേക്ക് നമ്മൾ വളരണം. കുരിശിന്റെ വഴിയേ യാത്ര ചെയ്യുന്നവർ ദൈവത്തിന്റെ മുഖം കാണും' –സമർപ്പണ സന്ദേശം നൽകി പ്രസംഗിക്കുകയായിരുന്നു ബിഷപ്.



മരിയാപുരം ഫാത്തിമ മാതാ ഫൊറോന ദേവാലയത്തോടു ചേർന്ന് നിർമിച്ച പുതിയ വൈദിക മന്ദിരത്തിന്റെയും 'കുരിശിന്റെ വഴി' തീർഥപാതയുടെയും വെഞ്ചരിപ്പ് ശുശ്രൂഷകൾക്കായി എത്തിച്ചേർന്ന ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിനെ സ്വീകരിക്കുന്നു.

വികാരി ഫാ.സെബാസ്റ്റ്യൻ പുരയിടത്തിൽ, അസി. വികാരി ഫാ. തോമസ് മാവുങ്കൽ, പാരിഷ് സെക്രട്ടറി മനോജ് വീട്ടുവേലിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. മാത്യു ഇരുപ്പക്കാട്ട്, ആർട്ടിസ്റ്റ് ബെന്നി എന്നിവർക്ക് ബിഷപ് ഉപഹാരം നൽകി.

കോൺടാക്ടർ ജോയ്സി വാലോലിക്കൽ, ട്രസ്റ്റിമാരായ ലാലി കണിയാഞ്ഞാലിൽ, സന്തോഷ് പുത്തൻപുരയ്ക്കൽ, ജോണിക്കുട്ടി ഇയ്യാലിൽ, മാത്തുക്കുട്ടി പുത്തൻപുരയ്ക്കൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

വൈദികരും സന്യസ്തരും ഇടവകാംഗങ്ങളുമടക്കം നിരവധി പേർ ചടങ്ങുകളിൽ പങ്കാളികളായി.

# സസ്യങ്ങളെ ചികിത്സിക്കാനും ആശുപത്രികൾ



**വീട്ടുകൃഷി**

**ജോസ് കെ. വയലിൽ**

സസ്യങ്ങളുടെ രോഗങ്ങൾ കണ്ടെത്തി പരിഹാരവഴികൾ തേടാൻ ചെറുആശുപത്രികൾ. സസ്യങ്ങൾക്ക് തനിയെ സഞ്ചരിച്ച് ആശുപത്രിയിലെത്താൻ സാധിക്കാത്തതിനാൽ ചികിത്സാ സൗകര്യം സ്ഥലത്ത് എത്തിക്കുകയേ വഴിയുള്ളൂ. അതിനാൽ മൊബൈൽ അഗ്രി ക്ലിനിക് എന്നാണ് ഇത് അറിയപ്പെടുന്നത്. സസ്യങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് വിളകളിലെ കീടരോഗ ബാധകൾ, സസ്യമൂലകക്കുറവ്, മറ്റു പ്രശ്നങ്ങൾ എന്നിവ കൃത്യതയോടെ നിർണയിക്കാനും ആവശ്യമുള്ള ശാസ്ത്രീയ പരിഹാരമുറകൾ നല്കാനും ലക്ഷ്യമിട്ടാണ് ക്ലിനിക് എന്ന ആശയം രൂപപ്പെടുത്തിയിട്ടുള്ളത്.

കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയ്ക്കടുത്ത് നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിതകൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലാണ് ഇത്തരത്തിൽ ആദ്യ ക്ലിനിക് ആരംഭിച്ചത്. ഇതിനു ചുവടു പിടിച്ച് കൃഷി ഗവേഷണ കേന്ദ്രങ്ങളിലും കാർഷിക സർവകലാശാലകളിലും മൊബൈൽ അഗ്രി ക്ലിനിക്കുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ട്. ഇപ്പോൾ മണ്ണു പരിശോധന, വെള്ളത്തിന്റെ ഗുണനിലവാര പരിശോധന തുടങ്ങിയവയ്ക്കൊക്കെ സഞ്ചരിക്കുന്ന ഗവേഷണ ശാലകളുണ്ട്. ഇതേ വഴികൾ സംയോജിപ്പിച്ച് കർഷകർക്ക് പല വിധത്തിൽ ഉപകാരപ്പെടുന്ന വിധത്തിൽ മണ്ണ്സസ്യ പരിശോധനകൾക്കു പുറമേ ജലത്തിന്റെ ഗുണനിലവാരപരിശോധനകൾ കൂടി ക്ലിനിക് മുഖേന ലഭ്യമാക്കുമെന്നാണ് അധികൃതർ പറയുന്നത്. ചില കർഷകസംഘങ്ങളുടെയും കൃഷിവികസന ഏജൻസികളുടെയും കീഴിൽ ചെറിയ രീതിയിലുള്ള അഗ്രി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

കാർഷികമേഖലയിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ സേവനവും ലഭ്യമാക്കും. വിളപരിപാലനത്തിനുള്ള സാങ്കേതിക ഉപദേശങ്ങൾക്ക് പുറമേ കൃഷിക്ക് ആവശ്യമായ പലവിധ ജൈവജീവാണു ഉപാധികളുടെ വിതരണത്തിനും ലക്ഷ്യമിടുന്നു. കർഷകർക്ക് പുതിയ കൃഷി അറിവു പകർന്നു കൊടുക്കുന്നതിനുള്ള പരിശീലനങ്ങളും കാർഷിക പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും ക്ലിനിക്കിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ആലോചനയുണ്ട്.



ഏലം ഗവേഷണ കേന്ദ്രത്തിന്റെയും സ്പൈസസ് ബോർഡിന്റെയും നേതൃത്വത്തിൽ തോട്ടം മേഖലകളിൽ അഗ്രിക്ലിനിക്കുകൾ കർഷകരുടെ സംശയങ്ങൾ ദൂരികരിക്കാൻ വേണ്ടി നടത്താറുണ്ട്. കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ അടുത്തറിയാനും കർഷകർക്ക് തങ്ങളുടെ സംശയങ്ങൾ അധികൃതരുമായി പങ്കുവയ്ക്കാനും ഇത് ഉപകരിക്കും.

ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തി രോഗബാധയും മറ്റ് വിവിധ പ്രശ്നങ്ങളും നേരിട്ട് മനസ്സിലാക്കി. രോഗങ്ങൾ ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളും ഇവ പടർന്നുപിടിക്കാതിരിക്കാനുള്ള മാർഗങ്ങളും കർഷകർക്ക് വിശദീകരിച്ചു നൽകുകയും കർഷകർക്ക് തങ്ങളുടെ സംശയങ്ങൾ അധികൃതരുമായി പങ്കുവയ്ക്കുന്നതിനും ക്ലിനിക്കുകൾ അവസരം നൽകുന്നു.

കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെയും കാർഷിക കോളജുകളുടെയും നേതൃത്വത്തിൽ പല സ്ഥലങ്ങളിലും പ്രാദേശികമായ രീതിയിൽ തനത് കൃഷിമേഖലകളെ പ്രോൽസാഹിപ്പിക്കാൻ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇത്തരം സഹായകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.









# മികച്ച റിസൾട്ടുമായി
# 7 –ാം വർഷത്തിലേക്ക്...



## MOTHER TERESA IELTS & OET TRAINING CENTRE

### OUR RECENT IELTS/ OET WINNERS



Arnold Zacharia, Adivaaram
Henna Mohammed, Kozhikode
Ashika Sreeram, Kozhikode
Athul T Chacko, Pulpally
Jeril Varghese, Wayanad
Greeshma, Kasargod
Jinu Joseph, Wayanad
Soumya, Puthuppady
Diana Ann Jose
Shini Mol, Perambra
Arun Wilson, Kannoth
Lis Mary, Koodaranji
Alosious Antony
Justin Scaria
Anjana Devasia
Shini Philip
Asha Chacko
Jilu George
Anisha Thambi
Jyothy James

**Above 70% Success Rate in Recent Exams**

## ഞങ്ങളുടെ പ്രത്യേകതകൾ:

- ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പരിചയസമ്പന്നരായ അധ്യാപകർ
- വ്യക്തിഗത ശ്രദ്ധ
- മികച്ച റിസൾട്ട്
- പ്ലേസ്മെന്റ് സഹായം
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം
- ശാന്തവും വിശാലവുമായ ക്യാമ്പസ്
- അത്യാധുനിക ലാബ് സൗകര്യങ്ങൾ
- വിപുലമായ സ്റ്റഡി മെറ്റീരിയൽസ്
- ഇവിടെ പരിശീലനം നേടിയ IELTS/OET വിദ്യാർത്ഥികൾക്ക് CBT ട്രെയിനിംഗിന് 50% ഫീസിളവ്!

## MOTHER TERESA IELTS & OET TRAINING CENTRE

**Kaithapoyil P.O, Puthuppady (via), Kozhikode (A Venture of Thamarassery Diocese)**

**Contact: +91 9072308050, 9447886341**

www.motherteresaielts.com.
Email: trainingcentremotherteresa@gmail.com

# ലിവിങ് ടുഗെതർ അനുവദനീയമോ?

**വിവാഹമൊഴികെ മറ്റേതുതരത്തിലുള്ള ബന്ധത്തെയും ക്രമരഹിതമായ ജീവിതശൈലിയായാണ് സഭ കാണുന്നത്. ലിവിങ് ടുഗെതർ വിവാഹേതരബന്ധമായി കാണുന്നതിനാൽ കുമ്പസാരമെന്ന കൂദാശ യഥാവിധി സ്വീകരിക്കാൻ ഇവർക്കു സാധിക്കില്ല. അതിനാൽ തന്നെ വിശുദ്ധ കുർബാന സ്വീകരിക്കുവാനും കഴിയില്ല**



## ചോദ്യം ഉത്തരം

റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

? മിന്റു സഭാനിയമമനുസരിച്ച് ദൈവാലയത്തിൽവച്ച് വിവാഹിതനായ വ്യക്തിയാണ്. പ്രത്യേക കാരണങ്ങളാൽ സഭാകോടതിയിൽ നിന്ന് മിന്റുവിന്റെ വിവാഹം അസാധുവെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രിയും, സിവിൽ കോടതിയിൽ നിന്ന് വിവാഹമോചനവും ലഭിച്ചു. ഇപ്പോൾ മിന്റു ഇതിനിടയിൽ പരിചയപ്പെട്ട മിനിയുമായി മിന്റു ഇപ്പോൾ വിവാഹം കഴിക്കാതെ ഒരുമിച്ചു താമസിക്കുന്നു. ഇവർക്കു കൂദാശകൾ സ്വീകരിക്കാമോ?

● ടിന്റു ചാലക്കുടി

ചോദ്യത്തിന്റെ ആദ്യഭാഗത്ത് പറയുന്ന കാര്യങ്ങൾ നമുക്ക് പരിചയമുള്ളവയാണ്. എന്നാൽ അവസാനഭാഗത്തു പ്രതിപാദിക്കുന്ന ലിവിങ് ടുഗെതർ (ഒരുമിച്ച് താമസിക്കുന്നത്) എന്ന പുതിയ ജീവിതസംസ്കാരം നമ്മുടെ നാട്ടിൽ ആരംഭിക്കുന്നതേയുള്ളൂ. ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ ഇത്തരക്കാരുടെ കൂദാശസ്വീകരണത്തെക്കുറിച്ചുള്ള സഭയുടെ നിലപാട് വ്യക്തമാക്കാം.


മിന്റുവിന്റെ വിവാഹം പ്രത്യേക കാരണങ്ങളാൽ മുന്നോട്ടുപോയില്ല എന്നുവേണം മനസിലാക്കാൻ. വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ ഉയർന്നപ്പോൾ മിന്റു നിയമമനുസരിച്ചുള്ള പരിഹാരമാർഗങ്ങൾ തേടി എന്നതു വ്യക്തമാണ്. അതിനാൽ, തന്റെ വിവാഹത്തക്കുറിച്ചുള്ള പരാതി സഭാകോടതിയിൽ നൽകുകയും, വിവാഹം അസാധുവായിരുന്നു എന്ന് പ്രഖ്യാപിക്കുന്ന ഡിക്രി ലഭിക്കുകയും ചെയ്തു. നാടിന്റെ നിയമമനുസരിച്ച് സിവിൽ കോടതിയിൽനിന്ന് വിവാഹമോചനവും നേടി.

ഇതുവരെ മിന്റുവിന്റെ നടപടി നിയമാനുസൃതമാണ്. തന്റെ ഭാര്യയുമായുള്ള വിവാഹം സഭാകോടതിയിൽനിന്നും സിവിൽ കോടതിയിൽനിന്നും വേർപെടുത്തിയ മിന്റുവിന് കൂദാശകൾ സ്വീകരിക്കുകയും പൂർണ്ണമായ സഭാത്മക ജീവിതം നയിക്കുകയും ചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നു. മിന്റു ചെയ്യേണ്ടിയിരുന്നത്, സഭാനിയമമനുസരിച്ചുതന്നെ രണ്ടാമതൊരു വിവാഹത്തിന് തയ്യാറെടുക്കുക എന്നതായിരുന്നു. എന്നാൽ മിന്റു ആധുനിക സംസ്കാരത്തിന്റെ പുതിയ പരീക്ഷണങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു എന്നതാണ് പിന്നീട് കാണുന്നത്.

മിന്റുവിന്റെ ചരിത്രം നമുക്ക് ഇങ്ങനെ മനസിലാക്കാം. മിന്റു മിനിയെ പരിചയപ്പെടുന്നു. മിനി വിവാഹം കഴിച്ചിട്ടില്ലാത്ത വ്യക്തിയാണ്. മിന്റുവിന് ആദ്യവിവാഹത്തിൽനിന്നുണ്ടായ അനുഭവം മറ്റൊരു വിവാഹത്തിൽ ഏർപ്പെടാൻ ആത്മധൈര്യം നൽകുന്നില്ല. തന്നെയുമല്ല, സഭാകോടതിയിലെയും സിവിൽകോടതിയിലെയും നടപടിക്രമങ്ങളിലൂടെ കടന്നുപോയതുവഴി ഒത്തിരിയേറെ മാനസികപ്രയാസം മിന്റു അനുഭവിക്കുകയും ചെയ്തു. അങ്ങനെയിരിക്കുമ്പോഴാണ് മിനിയുടെ സുഹൃത്തുക്കളിൽ ചിലർ 'ലിവിങ് ടുഗെതർ' എന്ന പുതിയ പരീക്ഷണം നടത്തുന്ന വിവരം മിനി മിന്റുവിനോട് പറയുന്നത്. സ്വാഭാവികമായും മിന്റു ഈ പരീക്ഷണം നടത്താൻ തീരുമാനിച്ചു. അപ്രകാരം അവർ ഒരുമിച്ചുള്ള ജീവിതം ആരംഭിച്ചു. ഇതാണ് മിന്റുവിന്റെ ഇപ്പോഴത്തെ അവസ്ഥ.

എന്താണ് 'ലിവിങ് ടുഗെതർ' എന്നത് മനസിലാക്കേണ്ടത് ആവശ്യമാണ്. പാശ്ചാത്യരാജ്യങ്ങളിൽ വേരുപിടിച്ചതും ഇപ്പോൾ നമ്മുടെ നാട്ടിൽ ആരംഭിച്ചിരിക്കുന്നതുമായ ഒരു പ്രതിഭാസമാണിത്. പ്രായപൂർത്തിയായ ഒരു യുവാവും യുവതിയും മതപരമായതോ സിവിൽനിയമമനുസരിച്ചുള്ളതോ ആയ വിവാഹത്തിൽ ഏർപ്പെടാതെ ഒരു കുടുംബംപോലെ ഒരുമിച്ച് താമസിക്കുന്ന സാഹചര്യമാണിത്.

ലിവിങ് ടുഗെതറിനോട് നമ്മുടെ നാടിന്റെയും നിയമവ്യവസ്ഥയുടെയും സമീപനം എന്താണ്? ഇങ്ങനെ ഒരുമിച്ചു താമസിക്കുന്നവർ സിവിൽ നിയമമനുസരിച്ച് വിവാഹിതരാകാനുള്ള യോഗ്യത ഉള്ളവരായിരിക്കണമെന്ന് ഭാരതത്തിന്റെ പരമോന്നത നീതിപീഠം വ്യക്തമാക്കിയിട്ടുണ്ട് (10 SCC 469). അതേസമയം, യുവതീയുവാക്കൾ വിവാഹം കൂടാതെ ഒരുമിച്ച് താമസിക്കുന്നത് സാമൂഹ്യവ്യവസ്ഥിതിയിൽ അധാർമികമെന്നു വിലയിരുത്തപ്പെടാമെങ്കിലും അത് നിയമവിരുദ്ധമായ ഒരു യാഥാർത്ഥ്യമല്ലെന്നു സുപ്രീംകോടതി വിലയിരുത്തിയിട്ടുണ്ട് (5 SCC 600). എന്നാൽ ഇക്കാര്യത്തിൽ മദ്രാസ് ഹൈക്കോടതിയുടെ വിധി ശ്രദ്ധേയമാണ്. നീണ്ടവർഷങ്ങൾ വിവാഹം കൂടാതെ ഒരുമിച്ചു



താമസിച്ചതിനുശേഷം തന്നെ ഉപേക്ഷിച്ചുപോയ പുരുഷനിൽ നിന്ന് ഭാര്യക്കടുത്ത അവകാശങ്ങൾ ലഭിക്കുന്നതിന്, സ്ത്രീ നൽകിയ പരാതി തള്ളിയ കോയമ്പത്തൂർ കുടുംബകോടതിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ടാണ് മദ്രാസ് ഹൈക്കോടതി ഇക്കാര്യത്തിൽ നിരീക്ഷണം നടത്തിയത്. നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ നിയമാനുസൃതം വിവാഹിതരാകാത്തവർക്ക് ഭാര്യാഭർത്താക്കന്മാരുടെ അവകാശങ്ങൾ ഒരിക്കലും അവകാശപ്പെടാൻ സാധിക്കുകയില്ലെന്ന് കോടതി വ്യക്തമാക്കി. അതിനാൽ, വിവാഹം കൂടാതെ ഒരുമിച്ചു താമസിക്കുന്നവർക്കു തുല്യമായ അവകാശങ്ങൾ അവകാശപ്പെടാനാവില്ല എന്നത് ഇതിനാൽ വ്യക്തമാണ്.

ലിവിങ് ടുഗെതർ നടത്തുന്നവരോടുള്ള സഭയുടെ നിലപാട് എന്ത് എന്നത് ഇനി പരിശോധിക്കാം. സ്വാഭാവികമായും ഇത്തരം ബന്ധങ്ങളെ സഭ അംഗീകരിക്കുന്നില്ല. വിവാഹമൊഴികെ മറ്റേതുതരത്തിലുള്ള ബന്ധത്തെയും ക്രമരഹിതമായ ജീവിതശൈലിയായാണ് സഭ കാണുന്നത്. ലിവിങ് ടുഗെതർ വിവാഹേതരബന്ധമായി കാണുന്നതിനാൽ കുമ്പസാരമെന്ന കൂദാശ യഥാവിധി സ്വീകരിക്കാൻ ഇവർക്കു സാധിക്കില്ല. അതിനാൽ തന്നെ വിശുദ്ധ കുർബാന സ്വീകരിക്കുവാനും കഴിയില്ല. രജിസ്റ്റർ വിവാഹം മാത്രം നടത്തി, ദൈവാലയത്തിൽവച്ച് വിവാഹം നടത്താതെ ജീവിക്കുന്നവരുടെ സാഹചര്യത്തിനു തുല്യമാണ് ഇവരുടേതും. എന്നാൽ, രജിസ്റ്റർ വിവാഹം കഴിച്ചു ജീവിക്കുന്നവരെക്കാൾ കൂടുതൽ ഉതപ്പ് (scandal) ലിവിങ് ടുഗെതർ നടത്തുന്നവർ പൊതുസമൂഹത്തിന് നൽകുന്നുണ്ട് എന്നതും യാഥാർത്ഥ്യമാണ്.

വിവാഹം കഴിക്കാതെ ഒരുമിച്ചു താമസിക്കുന്ന ഇത്തരം യുവതീയുവാക്കളെ അജപാലനപരമായ ശ്രദ്ധയോടെ സമീപിക്കുകയും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കാൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ലിവിങ് ടുഗെതറിലായിരിക്കുമ്പോൾ കൗദാശിക ജീവിതം സാധ്യമല്ലെന്നും അത് അവരുടെ തീരുമാനത്തിന്റെ മാത്രം ഫലമാണെന്നും അവരെ ബോധ്യപ്പെടുത്തുന്നത് അജപാലനത്തിന്റെ ഭാഗമാണ്. ദൈവം സ്ഥാപിച്ച വിവാഹമെന്ന കൂദാശ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ സഭയോടു ചേർന്നു നിർബന്ധിക്കുവാൻ ഇത്തരം ജീവിതം നയിക്കുന്നവരെ ബോധ്യപ്പെടുത്തേണ്ടതും അജപാലനപരമായ കടമയാണ്. ഇങ്ങനെ ഒരുമിച്ചു താമസിക്കുന്നവർക്കു ബന്ധപ്പെട്ട രൂപതാധ്യക്ഷന്റെ മുൻപിൽ ക്ഷമായാചനം നടത്തി അദ്ദേഹം നിശ്ചയിക്കുന്ന പരിഹാരം ചെയ്തു അദ്ദേഹത്തിന്റെ അനുവാദത്തോടെ ദൈവാലയത്തിൽ വിവാഹിതരായി തങ്ങളുടെ ജീവിതം ക്രമപ്പെടുത്താവുന്നതാണ്.

## ഉപകാരസ്മരണ



മാർട്ടിൻ പാറോപ്പടി

## ഉപകാരസ്മരണ

**അത്ഭുത പ്രാർത്ഥന–** പരീക്ഷ വിജയിച്ചതിന്

കർത്താവായ യേശുവേ, കുരിശു വഹിച്ചുകൊണ്ടുള്ള അങ്ങേ യാത്രയിൽ അങ്ങ് ഏറ്റവും വേദന അനുഭവിച്ചത് തിരുത്തോളിലെ മുറിവിൽ നിന്നായിരുന്നല്ലോ. ആ മുറിവിന്റെ ശ്രേഷ്ഠതയാലും യോഗ്യതയാലും "നീ ചോദിക്കുന്നതെന്തും സഫലമായി തീരും" എന്ന് വി. ബർണ്ണാർദിനോട് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. വാഗ്ദാനങ്ങളിൽ അങ്ങ് വിശ്വസ്തനാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആരാലും അറിയപ്പെടാത്ത ആ തിരുത്തോളിലെ മുറിവിനെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നവരുടെ ലഘു പാപങ്ങൾ പൂർണ്ണമായും ക്ഷമിക്കപ്പെടുകയും മാരക പാപങ്ങൾ മറന്നുകളയുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. ആ വാക്ക് അനുസരിച്ച് ഞാൻ ചോദിക്കുന്ന എന്റെ ഈ കാര്യം (നിയോഗം പറയുക) അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ സാധിച്ചുതരണമെന്ന് ഞാൻ ഏറ്റവും താഴ്മയായി അപേക്ഷിക്കുന്നു. അങ്ങ് ഇന്നുവരെ എനിക്ക് തന്ന എല്ലാ അനുഗ്രഹങ്ങൾക്കും പ്രപഞ്ചത്തിലുള്ള ഓരോ തന്മാത്രക്കും എണ്ണാവുന്നതിന്റെ പരമാവധി എണ്ണത്തോളം ഞാൻ നന്ദിയും സ്തുതിയും പറയുന്നു.

ജിജോ വള്ളോപിള്ളി–കുടക്കച്ചിറ

## ഉപകാരസ്മരണ



ഒരു വിശ്വാസി– പടത്തുകടവ്

## ഉപകാരസ്മരണ

**അത്ഭുത പ്രാർത്ഥന–** ക്യാൻസൽ ചെയ്ത വിസയുടെ ക്യാഷ് തിരിച്ചുകിട്ടിയതിന്

കർത്താവായ യേശുവേ, കുരിശു വഹിച്ചുകൊണ്ടുള്ള അങ്ങേ യാത്രയിൽ അങ്ങ് ഏറ്റവും വേദന അനുഭവിച്ചത് തിരുത്തോളിലെ മുറിവിൽ നിന്നായിരുന്നല്ലോ. ആ മുറിവിന്റെ ശ്രേഷ്ഠതയാലും യോഗ്യതയാലും "നീ ചോദിക്കുന്നതെന്തും സഫലമായി തീരും" എന്ന് വി. ബർണ്ണാർദിനോട് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. വാഗ്ദാനങ്ങളിൽ അങ്ങ് വിശ്വസ്തനാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആരാലും അറിയപ്പെടാത്ത ആ തിരുത്തോളിലെ മുറിവിനെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നവരുടെ ലഘു പാപങ്ങൾ പൂർണ്ണമായും ക്ഷമിക്കപ്പെടുകയും മാരക പാപങ്ങൾ മറന്നുകളയുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. ആ വാക്ക് അനുസരിച്ച് ഞാൻ ചോദിക്കുന്ന എന്റെ ഈ കാര്യം (നിയോഗം പറയുക) അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ സാധിച്ചുതരണമെന്ന് ഞാൻ ഏറ്റവും താഴ്മയായി അപേക്ഷിക്കുന്നു. അങ്ങ് ഇന്നുവരെ എനിക്ക് തന്ന എല്ലാ അനുഗ്രഹങ്ങൾക്കും പ്രപഞ്ചത്തിലുള്ള ഓരോ തന്മാത്രക്കും എണ്ണാവുന്നതിന്റെ പരമാവധി എണ്ണത്തോളം ഞാൻ നന്ദിയും സ്തുതിയും പറയുന്നു.

ജിജോ വള്ളോപിള്ളി–കുടക്കച്ചിറ

## ഉപകാരസ്മരണ



ഏലമ്മ ഗ്രീൻവില്ല – നെല്ലിപ്പൊയിൽ


# വിശുദ്ധനായി മാറിയ ചെരുപ്പുകുത്തി

## കുട്ടീസ് കോർണർ

സിസ്റ്റർ ഡോണ മരിയ FCC

നിക്കോസിയായിൽ ജനിച്ച ഫെലിക്സ് ഒരു ചെരുപ്പുകുത്തിയുടെ മകനായിരുന്നു. വളരെ ദരിദ്രമായ ജീവിത സാഹചര്യത്തിലാണ് ഫെലിക്സ് ജനിച്ചതും വളർന്നതും പഠിക്കാനുള്ള സാഹചര്യങ്ങളൊന്നും ഇല്ലാതിരുന്നതിനാൽ ചെറുപ്പം മുതലേ അപ്പന്റെ കൂടെ ചെരുപ്പുകുത്താൻ പഠിച്ചു. എന്നാൽ ഫെലിക്സിന്റെ അമ്മ ചെറുപ്പം മുതൽ തന്നെ ഈശോയിലുള്ള വിശ്വാസവും കത്തോലിക്കാ പഠനങ്ങളും ഫെലിക്സിനെ പഠിപ്പിക്കാൻ ശ്രമിച്ചിരുന്നു. അങ്ങനെ അമ്മയിൽ നിന്നും പഠിക്കുന്ന കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കാൻ ഫെലിക്സ് ശ്രമിച്ചു. കുറച്ചു നാളുകൾക്കു ശേഷം ഫെലിക്സിന്റെ പിതാവ് രോഗിയായി കിടപ്പിലായി. അതോടെ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളെല്ലാം കുഞ്ഞുഫെലിക്സിന്റെ മേൽ ഏൽപ്പിക്കപ്പെട്ടു; ഒരു ബാലനെന്ന നിലയിൽ പിതാവിന്റെ തൊഴിൽ പിന്തുടർന്നു.

തന്റെ പാപം കൊണ്ടു ഈശോയെ ഒരിക്കലും വേദനിപ്പിക്കരുതെന്ന് ഫെലിക്സിന് നിർബന്ധമുണ്ടായിരുന്നു. തന്റെ പ്രായത്തിലുള്ള കുട്ടികൾ നല്ല വസ്ത്രങ്ങളും ഷൂസും ധരിച്ച് സ്കൂളിൽ പോകുമ്പോൾ ഫെലിക്സ് തന്റെ പിതാവിന്റെ കൂട്ടുകാരന്റെ കൂടെ ചെരുപ്പുനിർമ്മാണത്തിലായിരിക്കും. അങ്ങനെയിരിക്കെ ജോലിക്കിടയിൽ അടുത്തെവിടുന്നോ മണിയടിക്കുന്ന, പ്രാർത്ഥനകൾ ഉരുവിടുന്ന ശബ്ദം ഫെലിക്സ് ശ്രദ്ധിച്ചു. ഒരു ദിവസം ജോലിത്തിരക്കിൽ എല്ലാം അവസാനിപ്പിച്ച് ആ ശബ്ദത്തിന്റെ ഉറവിടം തേടിയാത്രയായി. യാത്ര അവസാനിച്ചത് ആശ്രമത്തിന്റെ മുന്നിലായിരുന്നു. കുറേ സന്യാസികൾ പലവിധ ജോലികളിൽ ഏർപ്പെട്ട് നടക്കുന്നതും ഇടയ്ക്ക് നേരിയ ശബ്ദത്തിലുള്ള മണിയുടെ നാദവും ദൈവസ്തുതികളും ഫെലിക്സ് ശ്രദ്ധിച്ചു. ഫെലിക്സിന് അവിടം ഇഷ്ടമായി. പക്ഷെ എന്തു ചെയ്യാൻ. സങ്കടത്തോടെ മടങ്ങി അമ്മയോട് നടന്നതെല്ലാം പറഞ്ഞു. ഫെലിക്സിന്റെ മുന്നിൽ അമ്മയും നിസ്സഹായയായി നിന്നു. നാളുകൾ കഴിഞ്ഞു ഫെലിക്സിന്റെ അമ്മ രോഗിയായതോടെ അവന്റെ ഉത്തരവാദിത്വങ്ങൾ കൂടി. എങ്കിലും ദൈവവിശ്വാസത്തിനോ, ദൈവാശ്രയത്തിനോ ഒരു കുറവും വന്നില്ല.



തന്റെ പ്രായത്തിലുള്ള കുട്ടികൾ നല്ല വസ്ത്രങ്ങളും ഷൂസും ധരിച്ച് സ്കൂളിൽ പോകുമ്പോൾ ഫെലിക്സ് തന്റെ പിതാവിന്റെ കൂട്ടുകാരന്റെ കൂടെ ചെരുപ്പുനിർമ്മാണത്തിലായിരിക്കും.

സമയം ലഭിക്കുമ്പോഴെല്ലാം അവൻ സന്യാസിമാരുടെ കൂടെ സമയം ചിലവഴിച്ചു. അവരുടെ കൂടെ സമയം ചിലവഴിക്കുംതോറും അവരുടെ ജീവിതത്തിലേക്ക് കൂടുതൽ ശക്തമായി ആകർഷിക്കപ്പെട്ടു. അവരുടെ സന്തോഷകരമായ ചിലവു ചുരുക്കൽ, ദാരിദ്ര്യതപസ്സ്, പ്രാർത്ഥന, ദാനധർമ്മം, മിഷനറി അനുഭവം എല്ലാം അവനെ ആകർഷിച്ചു.

20–ാം വയസിൽ ഫെലിക്സ് താൻ ഇഷ്ടപ്പെടുന്ന ആശ്രമജീവിതം നയിക്കാനുള്ള ആഗ്രഹത്തോടെ അവരുടെ അടുത്ത് എത്തി. വിദ്യാഭ്യാസമില്ലാത്തതിനാൽ പുരോഹിത സന്യാസി ആകാൻ ഫെലിക്സിന് പറ്റില്ലെന്നറിയാമായിരുന്നു. എങ്കിലും അന്നത്തെ കാലത്ത് അവരെ സഹായിക്കാനുള്ള സഹോദര സന്യാസികൾ ഉണ്ടായിരുന്നു. സഹോദരന്മാരെന്നാണ് അവർ അറിയപ്പെട്ടത്. അവരുടെ കൂടെ ചേർന്ന് സന്യാസപുരോഹിതരെ സഹായിക്കാനും ദൈവത്തെ സ്നേഹിക്കാനും കഴിയുമല്ലോ എന്ന് ഫെലിക്സ് ചിന്തിച്ചു. എന്നാൽ ഫെലിക്സിന് അനുവാദം ലഭിച്ചില്ല. നിരക്ഷരൻ എന്ന പേരിൽ ഫെലിക്സിനെ അവർ മാറ്റി നിർത്തി. സങ്കടത്തോടെ ഫെലിക്സ് അവിടെ നിന്ന് മടങ്ങിയെങ്കിലും എല്ലാവർഷവും ഫെലിക്സ് അനുമതിക്കായി അധികാരികളെ സമീപിച്ചു.

ഒരിക്കൽ ഫെലിക്സിന് തന്റെ കത്തോലിക്കാ പാണ്ഡിത്യം തെളിയിക്കാനവസരം ലഭിച്ചു. ഏറ്റവും നല്ല രീതിയിൽ അതവതരിപ്പിച്ച ഫെലിക്സിന്റെ കഴിവിനെ അവർക്ക് അംഗീകരിക്കാതിരിക്കാനായില്ല. എഴുത്തും വായനയും അറിയാത്ത ഫെലിക്സ് എങ്ങനെ ഇത്ര നന്നായി പ്രസംഗിക്കുന്നുവെന്ന് എല്ലാവരും അത്ഭുതപ്പെട്ടു. 28–ാം വയസിൽ സന്യാസ ആശ്രമത്തിൽ സാധാരണ സഹോദരനായി ഫെലിക്സിനെ പ്രവേശിപ്പിച്ചു. അവന്റെ തൊഴിലിലുള്ള എളിമയും ലാളിത്യമുള്ള സ്വഭാവവും പക്വതയുള്ള പെരുമാറ്റവും എല്ലാവരെയും ആകർഷിച്ചു. ഫെലിക്സ് തന്റെ അധികാരികൾ പറയുന്ന കാര്യങ്ങളിൽ ഏറെ അനുസരണയുള്ളവനായിരുന്നു. ആശ്രമജോലികളൊക്കെ കഴിയുമ്പോൾ ഫെലിക്സ് ഭിക്ഷാടനത്തിനായി നിയോഗിക്കപ്പെട്ടു. വീടുകൾ കയറിയിറങ്ങി. സമ്പന്നരെ തങ്ങളുടെ സ്വത്ത് പങ്കുവയ്ക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടും ദരിദ്രരെ അവരുടെ അനുദിനസഹനങ്ങളിൽ ആശ്വസിപ്പിച്ചുകൊണ്ടും ഫെലിക്സ് ഓരോദിവസവും നഗരങ്ങളിലൂടെ കടന്നുപോയി.

ആത്മീയവും ശാരീരികവുമായ സൗഖ്യം നൽകാനും മറ്റുള്ളവരുടെ മനസുവായിക്കാനും ഒരേസമയത്ത് രണ്ട് ഇടങ്ങളിൽ കാണപ്പെടാനും ആധ്യാത്മികപഠനങ്ങൾ ഹൃദിസ്ഥമാക്കാനുമുള്ള വരം ദൈവം അദ്ദേഹത്തിനു നൽകി. ഭൂമിയിൽ യാതൊന്നും സ്വന്തമാക്കാതെ ജീവിക്കണമെന്നും നാമെല്ലാം തീർത്ഥാടകരാണെന്നും ഫെലിക്സ് പഠിപ്പിച്ചു. ഫെലിക്സിന്റെ മാതൃകാപരമായ ജീവിതവും വാക്കുകളും കേട്ട് അനേകം സമ്പന്നർ തങ്ങളുടെ സ്വത്ത് പാവങ്ങളുമായി പങ്കുവച്ചു. ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം എന്ന് ഫെലിക്സ് ഇടയ്ക്ക് ഓർമ്മിപ്പിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം ജോലി ചെയ്യുന്നതിനിടെ പനി പിടിപെട്ട് ഫെലിക്സ് മരണത്തിന് കീഴടങ്ങി. ദൈവകരങ്ങളിൽ താഴ്മയോടെ നിലകൊണ്ട ഫെലിക്സിനെ തക്കസമയത്ത് ദൈവം ഉയർത്തി. ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളെല്ലാം ഫെലിക്സ് വളരെ ശാന്തതയോടും വിശ്വസ്തതയോടും നിറവേറ്റി.

സമ്പന്നരും ദരിദ്രരും ദൈവത്തിന്റെ മക്കളാണെന്നും ദൈവത്തിന്റെ മുമ്പിൽ താഴ്മയോടെ ജീവിച്ചാൽ തക്കസമയത്ത് ദൈവം ഉയർത്തുമെന്നും, ജീവിതത്തിൽ ഇടപെടുമെന്നും വിശുദ്ധ ഫെലിക്സിന്റെ ജീവിതം നമ്മെ ഓർമിപ്പിക്കുന്നു.

1715 ൽ ജനിച്ച ഫെലിക്സ് 1787 മേയ് 31 ന് മരണമടഞ്ഞു. 1888 ഫെബ്രുവരി 12ന് വാഴ്ത്തപ്പെട്ടവനായി 2005 ഒക്ടോബർ 23 ന് വിശുദ്ധ പട്ടികയിൽ ചേർക്കപ്പെട്ടു.

# ക്വിസ് കോർണർ 2022

*ജനുവരി – ഫെബ്രുവരി ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**മോളി ജോൺസൺ**
എട്ടിയിൽ, കല്ലാനോട്

● രണ്ടാം സമ്മാനം, 500 രൂപ
**ലിജിന സിബി**
പതുപ്പള്ളിൽ, പൂഴിത്തോട്

● മൂന്നാം സമ്മാനം, 250 രൂപ
**അവിനാശ് ജോസ്**
കണ്ണംകുളം, കാളികാവ്

● പ്രോത്സാഹന സമ്മാനം
**അനീഷ് സെബാസ്റ്റ്യൻ**
പിണക്കാട്ട്, കാക്കവയൽ

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2022 മാർച്ച് – ഏപ്രിൽ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ജീവിതത്തിന് അമിതഭാരം നൽകുകയും അതിനെ ആതുരമാക്കുകയും ചെയ്യുന്നത് എന്താണ്?
2. കണ്ണുകൾ പുറംലോക കാഴ്ചകൾക്കും ഉപവാസം ആന്തരിക ലോക കോഴ്ചകൾക്കുമാണ് എന്ന് പറഞ്ഞത് ആര്?
3. ആന്തരികത ചോർന്ന് അനുഷ്ഠാനങ്ങളായി ആധ്യാത്മികത അധഃപതിക്കുമ്പോൾ ദൈവശബ്ദം മുഴക്കുന്നത് ആരാണ്?
4. കേരളത്തിൽ എത്ര ഏക്കർ ഭൂമി ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടാണ് അപ്രഖ്യാപിത കുടിയിറക്കിന് തുടക്കം കുറിച്ചിരിക്കുന്നത്?
5. നെതർലാൻഡ്സിൽ മുഴുവൻ സമയം പഠനം നടത്തുന്ന ഇന്ത്യൻ വിദ്യാർഥികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് ഏതാണ്?
6. ഈശോയുടെ കാലത്ത് പലസ്തീനയുടെ വടക്കുഭാഗത്ത് ഉണ്ടായിരുന്ന പ്രോവിൻസ് ഏതായിരുന്നു?
7. സസ്യങ്ങളെ സ്ഥലത്തെത്തി ചികിത്സിക്കുന്ന സംവിധാനം അറിയപ്പെടുന്നത് എങ്ങനെയാണ്?
8. വൃദ്ധർ സമൂഹത്തിന്റെ വേരും അനുഗ്രഹവുമാണ്. ആരുടെ വാക്കുകളാണിത്?
9. ലിവിങ് ടുഗെതർ സഭ അംഗീകരിക്കുന്നുണ്ടോ?
10. ക്രിസ്തീയ സമൂഹങ്ങളുടെ അടിസ്ഥാനപരമായ രൂപമാറ്റം സംഭവിക്കേണ്ടത് എവിടെയാണ്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2022 മേയ് 1ന് മുമ്പ് ലഭിക്കണം**

## ജനുവരി – ഫെബ്രുവരി ലക്കം ഉത്തരങ്ങൾ

1. വന്യമൃഗശല്യം 2. ജനുവരി 15 3. ദേവസഹായം പിള്ള 4. മാർ ജോസഫ് പാംബ്ലാനി 5. വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം 6. വിശുദ്ധ ഫ്രാൻസിസ് ഡി സാലസ് 7. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 8. പ്രത്യാശയുടെ തീർത്ഥാടകൻ 9. 2800രൂപ 10. 5898 പേർ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673528.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..................................

വീട്ടുപേര്: ..................................

ഇടവക: ..................................

ഫോൺ: ..................................

# സ്നേഹത്തിന്റെ കാത് തുറന്നു കേൾക്കുമോ, ഒപ്പം നടക്കുന്നവന്റെ നൊമ്പരങ്ങൾ?

**എന്റെ ജീവിതം ദൈവതിരുമുമ്പിൽ സ്വീകാര്യമാകുന്നത്, മറ്റൊരാളുടെ പ്രതിസന്ധികളിൽ സ്നേഹത്തോടെ ഇടപെട്ട് ഞാൻ സഹായഹസ്തം നീട്ടുമ്പോഴാണ്.**



**ചിന്തയും ചർച്ചയും**

ആന്റണി ചടയംമുറി

കോവിഡ് കഴിഞ്ഞപ്പോഴാണ് സഭയിൽ 'സഹഗമനം' എന്ന പദം കൂടുതൽ പറഞ്ഞു കേൾക്കുന്നത്. ഓരോ കുടുംബങ്ങളും കോവിഡിനുശേഷം വിവിധതരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ, ഓരോ വിശ്വാസിയുടെയും അനുദിന ജീവിതത്തെ കൂടുതൽ ദൈവോന്മുഖമാക്കാൻ നാം അഭ്യസിക്കേണ്ട ആത്മീയ നന്മയാണ് സഹഗമനം.

ചിലകുടുംബങ്ങൾക്ക് സ്ഥിരമായി ലഭിച്ചിരുന്ന വരുമാനം നിലച്ചു. തൊഴിൽ നഷ്ടപ്പെട്ടവർ ഏറെയുണ്ട്. രോഗചികിത്സമൂലം കടംകയറിയവരും നിരവധി. സമൂഹമൊന്നാകെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴാണ് ദേവാലയങ്ങളും സ്കൂളുകളുമെല്ലാം തുറക്കുന്നത്. മാറ്റിവച്ച കുടുംബങ്ങളുടെ ഒത്തു ചേരലുകൾ, കുട്ടികളുടെ പരീക്ഷകൾ, കോവിഡ് മൂലം വിദേശത്തുനിന്ന് വരാൻ കഴിയാത്തവരുടെ തിടുക്കത്തിലുള്ള വരവും മടക്കവും അങ്ങനെ എല്ലാം കൊണ്ടും നാടിളകിമറിയുകയാണ്.

## സഹഗമനം എന്ന ആത്മീയ ജീവിതശൈലി

ഇത്തരമൊരു സാമൂഹിക സാഹചര്യത്തിൽ ഇടവക കൂട്ടായ്മകൾ വിശദമായി ചർച്ച ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ട ആത്മീയ ജീവിതശൈലിയാണ് സഹഗമനം. കുടുംബങ്ങൾക്കുള്ളിലും ഇടവകയിലും നിർബന്ധമായും അഭ്യസിക്കേണ്ട സഹഗമനത്തിന്റെ പ്രാധാന്യം നാം മനസിലാക്കിയേപറ്റൂ. മനഃശാസ്ത്രപരവും സാമൂഹികപരവുമായ അനുയാത്ര എന്റെ ജീവിതത്തെ മറ്റൊരാളുടെ ജീവിതവുമായി നിസ്വാർത്ഥമായി ഇഴചേർക്കുകയെന്ന പ്രക്രിയയിലാണ് ആരംഭിക്കേണ്ടത്. എന്റെ ജീവിതം ദൈവതിരുമുമ്പിൽ സ്വീകാര്യമാകുന്നത്, മറ്റൊരാളുടെ പ്രതിസന്ധികളിൽ സ്നേഹത്തോടെ ഇടപെട്ട് ഞാൻ സഹായഹസ്തം നീട്ടുമ്പോഴാണ്.

തീർച്ചയായും സഹഗമനത്തിന് ഒരു ഭാഷയുണ്ട്. "എനിക്ക് മനസുണ്ട് നിനക്ക് സൗഖ്യം ലഭിക്കട്ടെ, ഞാൻ വന്ന് അവനെ സുഖപ്പെടുത്താം, എവിടെയാണ് ലാസറിനെ അടക്കിയ സ്ഥലം?" തുടങ്ങിയ യേശുവചനങ്ങൾ ക്രിസ്തീയ സഹഗമനത്തിന്റെ സ്നേഹ സാന്ത്വനപാത നമുക്ക് കാണിച്ചുതരുന്നുണ്ട്. ഒപ്പം നടക്കുന്നവന്റെ, ഒപ്പം ജീവിക്കുന്നവന്റെ ആവശ്യങ്ങളോട് പ്രതികരിച്ച് സഹായിക്കാനും, സ്വാധീനിച്ച് പ്രോത്സാഹിപ്പിക്കാനും കഴിയുന്നതാണ് സഹഗമനം എന്നു പറയാം. അനുയാത്ര അഥവാ സഹഗമനം നിസ്വാർത്ഥതയുടെ യാത്രയാണ്. സഹഗമനം നടത്തുന്ന വ്യക്തിക്ക് വേണമെങ്കിൽ നമുക്ക് പലപേരുകൾ നൽകാം: സുഹൃത്ത്, സഹായകൻ, വിദഗ്ധൻ, നേതാവ്, സംഘാടകൻ തുടങ്ങിയ വിശേഷണങ്ങൾ ഉദാഹരണം.

## ദൈവ സ്നേഹത്തിന്റെ വറ്റാത്ത ഉറവകൾ

സമൂഹം ഒരുപാട് മാറ്റങ്ങൾക്ക് വിധേയമായിരിക്കെ, നമ്മുടെ വിശ്വാസജീവിതത്തിന്റെ ഉള്ളടരുകളിൽ സ്നേഹം വറ്റിപ്പോകാതിരിക്കാനുള്ള ജാഗ്രത പുലർത്താൻ ക്രൈസ്തവർ ബാധ്യസ്ഥരാണ്. ദൈവം സ്നേഹമാണെന്നു പഠിപ്പിക്കുന്ന ഒറ്റമതമേയുള്ളൂ അത് ക്രിസ്തുമതമാണ്. എന്നാൽ 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ' എന്ന പ്രഥമവും പ്രധാനവുമായ യേശുനാഥന്റെ കൽപ്പന പാലിക്കുന്ന ജീവിതമാണോ നമ്മുടേത്?

കുടുംബത്തിൽ ജീവിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വിശ്വാസം, ഒരു സുഗന്ധമാരിപോലെ കുടുംബത്തിനു പുറത്തേക്കും വ്യാപിപ്പിക്കുമ്പോഴാണ് കുടുംബമെന്ന ഗാർഹിക സഭ ക്രിസ്തുവചനാധിഷ്ഠിത ജീവിതത്തിൽ അടിയുറയ്ക്കുന്നത്. സഭാസമൂഹത്തിൽ ഓരോ കുടുംബാംഗങ്ങൾക്കും ഇടവകാംഗങ്ങൾക്കുമുള്ള ദൈവവിളി തിരിച്ചറിയാൻ തക്കവിധം പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ഗാർഹിക സഭകളിലാണ് ഇനി സഭയുടെ ഭാവി എന്ന് ചിലർ പറഞ്ഞുവയ്ക്കുമ്പോഴും, നമ്മുടെ വിശ്വാസജീവിതത്തിന്റെ അകത്തളങ്ങളിൽ സംഭവിക്കേണ്ട രൂപാന്തരീകരണത്തെക്കുറിച്ച് നാം അത്രത്തോളം ആകുലരല്ലെന്ന പരാതിയുമുയരുന്നുണ്ട്. ഓരോ വ്യക്തിയും തനിക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയോട് യോജിക്കുന്നതുവഴിയാണ് നന്മകണ്ടെത്തുന്നതെന്ന് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ ഉദ്ബോധിപ്പിച്ചത് നമുക്ക് മറക്കാതിരിക്കാം.

## മൂല്യം ചോർന്നുപോയ സ്നേഹമെന്ന പദം

ഈ ദൈവിക പദ്ധതിയോട് നാം എങ്ങനെയാണ് സഹകരിക്കേണ്ടത്? ആത്മാർത്ഥതയോടെ പരസ്പരം സ്നേഹിക്കാനുള്ള ആന്തരിക പ്രചോദനം ഓരോ ക്രൈസ്തവരിലുമുണ്ട്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഓരോ ഉത്തരവാദിത്വവും ഓരോ സമർപ്പണവും സ്നേഹത്തിൽ നിന്നാണ് ഉത്ഭവിക്കുക. സ്നേഹത്തിന്റെ നിർബന്ധപൂർവ്വകവും അനുപേക്ഷണീയവുമായ രൂപങ്ങൾ ഈ സന്ദർഭത്തിൽ വിചിന്തനം ചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനത്തിൽ വിവരിച്ചിട്ടുണ്ട് (പേജ് 10). ജീവിതത്തിൽ സത്യം സംരക്ഷിക്കുകയും വിനയത്തോടും ബോധ്യത്തോടും കൂടി അതു പ്രകടിപ്പിക്കുകയും, അതിന് സാക്ഷ്യം വഹിക്കുകയും വേണമെന്നാണ് ഈ ചാക്രിക ലേഖനത്തിന്റെ മുഖ്യനിർദ്ദേശം.



സ്നേഹത്തെ ഏറെ തെറ്റിദ്ധരിച്ച ഒരു സമൂഹത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ചിലപ്പോൾ സ്നേഹമെന്നപദത്തിന് മൂല്യശോഷണം സംഭവിച്ചതായും നമുക്ക് തോന്നുന്നു. സത്യം ഇല്ലാത്ത അവസ്ഥയിൽ സ്നേഹം വൈകാരികതയിലേക്ക് അധഃപതിക്കുകയാണ്. ഇതിനെതിരെയുള്ള യഥാർത്ഥ സ്നേഹത്തിന്റെ ആൾരൂപങ്ങളുടെ സാക്ഷ്യനിരയായാണ് ഈ കാലഘട്ടത്തിൽ ഓരോ ക്രിസ്തീയ കൂട്ടായ്മകളും സജ്ജീകരിക്കേണ്ടത്.

## കണ്ണു നിറഞ്ഞവനെ കാണാതെ പോകില്ല ദൈവം

ക്രിസ്തീയ സമൂഹങ്ങളുടെ അടിസ്ഥാനപരമായ രൂപമാറ്റം സംഭവിക്കേണ്ടത് കുടുംബങ്ങളിലാണ്. ലോക്ഡൗൺ കാലയളവിൽ നമുക്ക് ലഭിച്ച നന്മകളും കോട്ടങ്ങളും ദൈവത്തോട് ആലോചന ചോദിച്ച് നമുക്ക് വിലയിരുത്താൻ കഴിയും. കാട്ടുമൃഗങ്ങൾ തകർത്തെറിഞ്ഞ കാർഷിക വിളകൾക്ക് നടുവിൽ നിന്ന് നിറഞ്ഞകണ്ണുകളോടെ ഒരു കർഷകൻ ആകാശത്തേക്ക് നോക്കി "ദൈവമേ, ഇനി ഞാൻ എന്തുചെയ്യും? എല്ലാം തകർന്നില്ലേ?" എന്ന ഗദ്ഗദത്തിന് മറുപടി നൽകുന്ന ഒരു ദൈവം, ആ ദൈവത്തോടാണ് നീ പ്രാർത്ഥിക്കുന്നതെന്ന് നെഞ്ചത്ത് കൈവച്ച് തീക്ഷ്ണതയോടെ പറയാൻ, നിന്നോടൊപ്പമെത്തുന്ന അയൽക്കാരനെ കാണുമ്പോൾ ആരും പറയും, ഇതാണ് ക്രൈസ്തവൻ എന്ന്. ബാങ്കിന്റെ ജപ്തി നോട്ടീസ് കണ്ട് ആകെ ഉള്ളുലഞ്ഞു നിൽക്കുന്ന കർഷകന്റെ വീട്ടിലേക്ക്, ആ നാട്ടിലെ നന്മനിറഞ്ഞവർ നടത്തുന്ന സാന്ത്വനയാത്രയുടെ മുൻപന്തിയിലുണ്ടാകണം ക്രൈസ്തവർ.

തങ്ങളുടേതല്ലാത്ത കാരണത്താൽ ബാങ്കിൽ നിന്ന് ജപ്തി നോട്ടീസ് ലഭിച്ച കർഷകരുടെ കൂട്ടായ്മകൾക്ക് നിയമപരവും രാഷ്ട്രീയപരവും ഭരണപരവുമായ പരിഹാരമുണ്ടാക്കാൻ ഓരോ നാട്ടിലും നേതൃത്വം നൽകുന്നവരുടെ നേതൃനിരയിലുണ്ടാകണം ക്രൈസ്തവർ. കോവിഡ് അടിച്ചേൽപ്പിച്ച സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കാൻ നാം ഒറ്റയ്ക്ക് ശ്രമിച്ചാൽ കഴിയില്ല. പകരം ദുരിതബാധിതരിലേക്ക് കൈനീട്ടാവുന്ന രാജ്യത്തെ നീതിനിയമസംവിധാനങ്ങളെ പ്രയോജനപ്പെടുത്തുന്ന കൂടിവരവുകളാണ് ഇപ്പോൾ ഇടവകകളിൽ സംഭവിക്കേണ്ടത്.

## വചനമാകുന്ന ദൈവത്തിൽ വിശ്വസിക്കുന്നവർ

സമൂഹത്തിൽ ക്രിസ്തുവിന് സാക്ഷ്യം നൽകുന്നവിധം നമ്മുടെ കുടുംബങ്ങൾ മാറേണ്ടതുണ്ട്. കോവിഡിനു ശേഷമുള്ള നാളുകളിൽ നമ്മുടെ വിശ്വാസ ജീവിതത്തിനു സംഭവിച്ച ഇടർച്ചകൾ ദുരീകരിക്കാൻ പത്ത് കാര്യങ്ങൾ കൂടി നിർദ്ദേശിക്കാം. പ്രാർത്ഥനാജീവിതം, ദൈവവചനപഠനം, ദിവ്യബലി, അനുരഞ്ജനം, മതബോധനം, ക്ഷമിക്കുന്നസ്നേഹം, ത്യാഗമനോഭാവം, വിശ്വാസജീവിതം, നിരുപാധികസ്നേഹം, മൂല്യശിക്ഷണം എന്നിവയാണവ.

ഒരു മഹാമാരി വന്നു. അത് കടന്നുപോയി, വീണ്ടും ഒമിക്രോൺ എന്ന വൈറൽപനി വന്നു അതും ശമിച്ചു. ലോകത്തിന്റെ ഗതി മാറ്റിമറിച്ച മഹാമാരി കടന്നുപോയതിനുശേഷം അത്തരമൊരു പ്രത്യേക ജീവിതാവസ്ഥയെ മറികടക്കാൻ ആത്മീയവും സാമൂഹികവുമായ പുതിയ മുന്നേറ്റങ്ങൾ അനിവാര്യമാണ്. നമ്മുടെ മൊബൈൽ ഫോൺ സാങ്കേതിക മാറ്റങ്ങൾക്ക് വിധേയമാക്കാം. പക്ഷേ, ആകാശവും ഭൂമിയും കടന്നുപോയാലും മാറ്റമില്ലാത്ത 'വചനമാകുന്ന ദൈവത്തിൽ' വിശ്വസിക്കുന്ന നാം മുറുകേപിടിക്കേണ്ട ക്രിസ്തീയ മൂല്യങ്ങളുണ്ട് അവ മുറുകെ പിടിക്കുക മാത്രമല്ല, അവയുടെ പ്രഘോഷകരായി നാം മാറുകയും വേണം. കാരണം, കാലത്തിനനുസരിച്ച് കോലം മാറുന്ന രാഷ്ട്രീയപ്രസ്ഥാനമല്ല ക്രിസ്തുമതം. ഈ ചിന്ത ദൃഢമായി മനസ്സിൽ ഉറപ്പിക്കണം നാം.

## വിശ്വാസ ജീവിതത്തിന്റെ സ്നേഹസാന്ത്വന പാതകൾ

മരണവീട്ടിലെ പന്തൽ അഴിച്ചിരുന്നില്ല. റിട്ടയേഡ് അധ്യപകരായ ജോർജ് സാറും അന്നമ്മ ടീച്ചറും മുറ്റത്തിട്ടിരുന്ന പ്ലാസ്റ്റിക്ക് കസേരകളിൽ ഇരുന്നു. കുടുംബനാഥൻ ഒരപകടത്തിൽപ്പെട്ട് മരണമടഞ്ഞിട്ട് നാല് ദിവസം കഴിഞ്ഞതേയുള്ളൂ. ജോർജ് സാർ താമസിക്കുന്നത് മരണവീടിന്റെ അഞ്ച് വീടുകൾക്കപ്പുറമാണ്.

ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ കരഞ്ഞുകലങ്ങിയ കണ്ണുകളോടെ ബീന ഇറങ്ങിവന്നു. ബീനയുടെ ഭർത്താവ് സന്തോഷ് ലോറി ഡ്രൈവറായിരുന്നു. ബൈക്ക് ഓടിച്ച് ലോറിയെടുക്കാൻ ഉടമസ്ഥന്റെ വീട്ടിൽ പോകുമ്പോഴായിയിരുന്നു അപകടം. സന്തോഷ്– ബീന ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്തത് പെൺകുട്ടി പ്ലസ് വണ്ണിൽ പഠിക്കുന്നു, രണ്ടാമത്തെ ആൺകുട്ടി എട്ടാം ക്ലാസിൽ പഠിക്കുന്നു.

കോവിഡ് കാലത്ത് ബീനയുടെ ആഭരണങ്ങൾ പണയംവച്ച് സന്തോഷ് വീട്ടുചിലവുകൾ നടത്തി. ലോക്ഡൗൺ സന്തോഷിന്റെ കുടുംബത്തെ ഒന്നുകൂടി ബുദ്ധിമുട്ടിലാക്കി. ജോർജ്ജ് സാർ ബീനയെ നോക്കിയപ്പോൾ തന്നെ അവളുടെ കണ്ണ് നിറഞ്ഞൊഴുകി. കസേരയിൽ ഇരുന്ന അന്നമ്മ ടീച്ചർ വേഗം എഴുന്നേറ്റ് ബീനയെ ചേർത്തുപിടിച്ചു. രണ്ടുപേരും ബീനയെ പഠിപ്പിച്ചിട്ടുണ്ട്.

വീണ്ടും ജോർജ്ജ് സാറും അന്നമ്മ ടീച്ചറും സായഹ്നങ്ങളിൽ ആ വീട്ടിലെത്തി. പതിയെ പതിയെ ബീന ജീവിതത്തിലേക്ക് മടങ്ങി. ജോർജ് സർ ബീനയ്ക്ക് സൂപ്പർ മാർക്കറ്റിൽ ജോലി സംഘടിപ്പിച്ചു കൊടുത്തു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സഹായം ആ കുടുംബത്തിന് ലഭിച്ചു തുടങ്ങി. മക്കളുടെ പഠനച്ചിലവിനുള്ള പണം ജോർജ്ജ് സാറിന്റെ വിദേശത്തുള്ള മക്കൾ അയച്ചുകൊടുക്കുന്നു. നമുക്ക് സഹഗമനത്തിന്റെ ഈ വഴയോര കാഴ്ച മാതൃകയാക്കാം.



റഷ്യൻ ബോംബാക്രമണത്തെത്തുടർന്ന് തകർന്ന കീവിലെ പാർപ്പിട സമുച്ചയം

# "യുദ്ധത്തിന്റെ ഭോഷത്തത്തിന് വില നൽകേണ്ടിവരുന്നത് സാധാരണക്കാർ"


യുദ്ധം മൂലം യുക്രെയ്നിൽ നിന്ന് പലായനം ചെയ്യുന്നവർക്ക് അടിയന്തിര സഹായങ്ങൾ ലഭ്യമാക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. യുദ്ധത്തിന്റെ പൈശാചിക യുക്തിക്കെതിരെ തുറന്നടിച്ച മാർപാപ്പ ലത്തീൻ സഭയിലെ വിഭൂതിതിരുനാൾ ദിനമായ മാർച്ച് രണ്ടിന് യുക്രെയിന് വേണ്ടി ഉപവാസ പ്രാർത്ഥന നടത്താൻ ഓർമിപ്പിക്കുകയും ചെയ്തു.

യുദ്ധം ചെയ്യുന്നവരും യുദ്ധം ഇളക്കിവിടുന്നവരും മനുഷ്യകുലത്തെ മറക്കുന്നുവെന്ന് പാപ്പ ചൂണ്ടിക്കാട്ടി. "യുദ്ധം ആരംഭിക്കുന്നത് ജനങ്ങളിൽ നിന്നല്ല. അത് ജനങ്ങളുടെ ജീവിതത്തിലേക്ക് നോക്കുന്നില്ല. സ്ഥാപിത താൽപര്യങ്ങളും അധികാരവും പ്രതിഷ്ഠിക്കാനുള്ള ശ്രമമാണ് യുദ്ധം. ആയുധങ്ങളുടെ പൈശാചികവും വികൃതവുമായ യുക്തിക്ക് ഒരുവൻ ഇവിടെ സ്വയം സമർപ്പിക്കുകയാണ് ചെയ്യുന്നത്. ആ യുക്തി ദൈവഹിതത്തിൽ നിന്ന് അകലെയാണ്. ദൈവം സമാധാനം സ്ഥാപിക്കുന്നവർക്കൊപ്പമാണ്." പാപ്പ വ്യക്തമാക്കി.

യുദ്ധത്തിന്റെ ഭോഷത്തത്തിന് വലിയ വിലനൽകേണ്ടിവരുന്നത് സാധാരണക്കാരാണ്. ഓരോ സംഘർഷത്തിന്റെയും യഥാർത്ഥ ഇരകൾ അവരാണെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി. മക്കളുമായി പലായനം ചെയ്യുന്ന അമ്മമാരും വൃദ്ധരും ഉൾപ്പെടെയുള്ള സകലർക്കും വേണ്ടി പ്രാർത്ഥിക്കാനും അവർക്കുവേണ്ടി ജീവകാരുണ്യ ഇടനാഴികൾ തുറക്കാനും മാർപാപ്പ ആഹ്വാനം ചെയ്തു.

## കർദ്ദിനാൾ അഗൊസ്തീനൊ കാച്ചവില്ലൻ അന്തരിച്ചു

ഇന്ത്യയിൽ അപ്പൊസ്തോലിക് പ്രൊനുൺഷ്യൊയായി സേവനമനുഷ്ഠിച്ചിട്ടുള്ള കർദ്ദിനാൾ അഗൊസ്തീനൊ കാച്ചവില്ലൻ അന്തരിച്ചു. മാർച്ച് അഞ്ചിന് രാവിലെ വത്തിക്കാനിലെ വസതിയിൽ വച്ചായിരുന്നു അന്ത്യം. 95 വയസ്സായിരുന്നു.



കർദ്ദിനാൾ അഗൊസ്തീനൊ കാച്ചവില്ലൻ

ഇറ്റലിയിലെ നൊവാലെ ദി വൽദാഞ്ഞൊയിൽ 1926 ആഗസ്റ്റ് 14–ന് ജനിച്ച അദ്ദേഹം 1949 ജൂൺ 26–ന് പൗരോഹിത്യം സ്വീകരിക്കുകയും 1976 ഫെബ്രുവരി 28–ന് ആർച്ചുബിഷപ്പായി അഭിഷിക്തനാകുകയും 2001 ഫെബ്രുവരി 21–ന് കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെടുകയും ചെയ്തു.

വിവധനാടുകളിൽ പരിശുദ്ധസിംഹാസനത്തിൻറെ നയന്ത്രകാര്യാലയങ്ങളിൽ സേവനം ചെയ്തിട്ടുള്ള അദ്ദേഹം കെനിയയിൽ 1976 മുതൽ 1981 വരെ അപ്പൊസ്തോലിക് നുൺഷ്യൊ ആയതിനു ശേഷം 1981 മുതൽ 1990 വരെ ഇന്ത്യയിലെയും 1985 മുതൽ 1990 വരെ നേപ്പാളിലെയും 1990 മുതൽ 1998 വരെ അമേരിക്കൻ ഐക്യനാടുകളിലെയും അപ്പൊസ്തോലിക് പ്രൊനുൺഷ്യൊ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## വൃദ്ധർ സമൂഹത്തിന്റെ വേരും അനുഗ്രഹവും: മാർപാപ്പ

വാർധക്യത്തിലെത്തിയവർ പാഴ്വസ്തുക്കളല്ലെന്നും അവർ സമൂഹത്തിന്റെ വേരും അനുഗ്രഹവുമാണെന്നും ഫ്രാൻസിസ് മാർപാപ്പ. വാർധക്യം എന്നത് ദാനവും പക്വതയുടെ സമ്മാനവുമാണ്. വൃദ്ധജനങ്ങളും യുവജനങ്ങളും തമ്മിലുള്ള സംവാദം ശോഭനമായ ഭാവി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമാണ്. ദീർഘായുസ്സുള്ളവർ കൂടുകയും ലോകത്തിന്റെ വലിയൊരു ഭാഗം പ്രദേശങ്ങളിൽ ശൈശവം കുറയുകയും ചെയ്യുന്നുവെന്ന് പാപ്പ ചൂണ്ടിക്കാട്ടി. ഇത് നിരവധി പ്രത്യാഘാതങ്ങളുണ്ടാക്കുന്ന അസന്തുലിതാവസ്ഥയാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

യുവത്വവും വാർധക്യവും ഒരു പോലെ പ്രധാനപ്പെട്ടതാണെന്ന് സൂചിപ്പിച്ച പാപ്പ പ്രായമായവർ തങ്ങളുടെ സ്വപ്നങ്ങളെ ഗതകാലത്തിൽ കുഴിച്ചുമൂടിയാൽ ഭാവി തുറക്കാൻ ചെയ്യേണ്ടകാര്യങ്ങൾ മനസിലാക്കാൻ ചെറുപ്പക്കാർക്ക് കഴിയില്ലെന്ന കാര്യം ഓർമ്മിപ്പിച്ചു. എന്നാൽ വൃദ്ധജനം അവരുടെ സ്വപ്നങ്ങൾ വിനിമയം ചെയ്യുമ്പോൾ തങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് പുതുതലമുറ നല്ലവണ്ണം മനസിലാക്കുന്നു.

തനിക്കുള്ള ജ്ഞാനത്തിന്റെയും സമൂഹത്തിൽ ജീവിച്ച ചരിത്രത്തിന്റെയും സ്ഥാനം പ്രായം ചെന്നയാൾ യുവജനങ്ങളുമായി പങ്കുവയ്ക്കുക എന്നത് പ്രധാനപ്പെട്ടതാണ്. അതിനാൽ യുവജനങ്ങൾ വൃദ്ധരുമായും അവർ യുവജനങ്ങളുമായും സംഭാഷണത്തിലേർപ്പെടണം. മാനവരാശിയുടെ ജ്ഞാനകൈമാറ്റമാണ് ഇതിലൂടെ സാധ്യമാകുന്നത്. കുടുംബപരവും സാമൂഹികവുമായ സംസ്കാരത്തിൽ വൃദ്ധർ വൃക്ഷത്തിന്റെ വേരുകൾ പോലെയാണെന്ന് മാർപാപ്പ ഓർമിപ്പിച്ചു. ചെറുപ്പക്കാർ പൂക്കളും പഴങ്ങളും പോലെയാണ്. 'മരത്തിൽ പൂത്തു നിൽക്കുന്നതെല്ലാം കുഴിച്ചിട്ടതെന്തോ അതിൽ നിന്നാണ് വരുന്നത്' എന്ന കവിവാക്യം പോലെ ഒരു സമൂഹത്തിലുള്ള മനോഹരമായ സർവ്വതും പ്രായമായവരുടെ വേരുകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പാപ്പ ചൂണ്ടിക്കാട്ടി.



## സാഹോദര്യ പ്രചാരണ പരിപാടിയ്ക്ക് പാപ്പയുടെ ആശംസ

വലിച്ചെറിയൽ സംസ്കൃതിയെ ഒഴിവാക്കിക്കൊണ്ട് മനുഷ്യവ്യക്തിയെ അവന്റെ സമഗ്രതയിൽ വിലമതിക്കുന്നതിന് അനിവാര്യമാണ് സഹോദര്യവും വിദ്യഭ്യാസവും എന്ന് ഫ്രാൻസിസ് മാർപാപ്പ.


പതിവുപോലെ ഇക്കൊല്ലവും വലിയ നോമ്പിനോടനുബന്ധിച്ച് ബ്രസീലിലെ കത്തോലിക്കാ സഭ ആരംഭിച്ചിരിക്കുന്ന സാഹോദര്യപ്രചാരണ പരിപാടിയ്ക്ക് ക്ഷാരബുധനാഴ്ച നല്കിയ സന്ദേശത്തിലാണ് ഫ്രാൻസിസ് പാപ്പാ ഇങ്ങനെ അഭിപ്രായപ്പെട്ടത്.

ഭ്രാതൃത്വവും വിദ്യഭ്യാസവും തമ്മിലുള്ള ബന്ധം ഈ പരിപാടിയുടെ വിചിന്തന പ്രമേയമായി ബ്രസീലിലെ സഭ ഇക്കൊല്ലം തെരഞ്ഞെടുത്തിരിക്കുന്നതും പാപ്പ തന്റെ സന്ദേശത്തിൽ അനുസ്മരിക്കുന്നു.

വിദ്യഭ്യാസമേഖലയിൽ സാർവ്വത്രിക സാഹോദര്യത്തെയും സമഗ്ര മാനവികതയെയും പരിപോഷിപ്പിക്കുന്ന പരിവർത്തനപ്രവർത്തനങ്ങൾ അടിയന്തരമായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഇന്നത്തെ സമൂഹത്തെ വീക്ഷിക്കുമ്പോൾ സുവ്യക്തമാണെന്ന് പാപ്പ പ്രസ്താവിക്കുന്നു.

തയ്യാറാക്കിയത്:
**ഫാ. ജോസഫ് കളത്തിൽ**

41 –ാം ചരമദിനം
15-03-2022



വർഗ്ഗീസ്
പുതിയാപറമ്പിൽ, വെറ്റിലപ്പാറ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

41 –ാം ചരമദിനം
28-03-2022




റോസമ്മ മാത്യു
ഓലിയക്കാട്ടിൽ, തോട്ടുമുക്കം
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

പാവനസ്മരണയ്ക്ക്



ത്രേസ്യാമ്മ
മുട്ടത്തുകുന്നേൽ, ചക്കിട്ടപാറ
പ്രാർത്ഥനയോടെ,
മുട്ടത്തുകുന്നേൽ കുടുംബാംഗങ്ങൾ




Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil